2025 OCTOBER
29
WEDNESDAY

www.societytodaynews.com


# സൊസൈറ്റി ടുഡേ

SOCIETY TODAY e-paper

വയബീൻ
വയനാടൻ ഉൽപ്പന്നങ്ങൾ
Home Delivery
9847 12 9091, 96455 97621

# റിലയൻസ്– മെറ്റ എഐ കമ്പനി വരുന്നു; റിലയൻസിന്റെ വിപണി മൂല്യം 20 ലക്ഷം കോടി കടന്നു

**ന്യൂദൽഹി:** മുകേഷ് അംബാനിയുടെ റിലയൻസിന്റെ വിപണി മൂല്യം 20 ലക്ഷം കോടി രൂപ കടന്നു. ഫേസ്ബുക്കിന്റെ മാതൃ കമ്പനിയായ മെറ്റ ഇൻകോർപ്പറേറ്റഡുമായി റിലയൻസ് കൈകോർക്കുമെന്ന വാർത്തയെ തുടർന്നാണ് വിപണി മൂല്യവും ഓഹരി വിലയും കുതിച്ചത്. ഇത് സംബന്ധിച്ച പ്രഖ്യാപനം കഴിഞ്ഞ ഓഗസ്റ്റിൽ നടന്ന വാർഷിക പൊതു യോഗത്തിൽ മുകേഷ് അംബാനി നടത്തിയിരുന്നു. റിലയൻസിന്റെ ഉപസ്ഥാപനമായ റിലയൻസ് എന്റർപ്രൈസ് ഇന്റലിജന്റ്സ് ലിമിറ്റഡ് ഫേസ്ബുക്കിന്റെ എഐ പ്രവർത്തനങ്ങളിൽ പങ്കാളിയാകുന്നതിനാണ് പുതിയ കമ്പനി സ്ഥാപിക്കുന്നത്. എഐ സേവനങ്ങൾ വികസിപ്പിച്ച് വിപണന വിതരണം നടത്തുകയാണ് പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്.




855 കോടി രൂപയാണ് ഇതിനുള്ള മുതൽമുടക്ക്. പുതിയ കൂട്ടുകെട്ടിൽ 70 ശതമാനം ഓഹരി പങ്കാളിത്തവും റിലയൻസ് ഇന്റലിജന്റ്സിനാണ്. ബാക്കി 30 ശതമാനം പങ്കാളിത്തം ഫേസ്ബുക്കിനും.

സംയുക്ത സംരംഭം സംബന്ധിച്ച വാർത്ത പുറത്ത് വന്നതോടെ റിലയൻസ് ഓഹരി വില രണ്ട് ശതമാനം ഉയർന്നു. റിലയൻസിന്റെ വിപണി മൂല്യം 20ലക്ഷം കോടി എന്ന നാഴികക്കല്ലും പിന്നിട്ടു. 1483 രൂപയാണ് ഇന്ന് ഓഹരി വില. കഴിഞ്ഞ വ്യാപാരവേളയിൽ റിലയൻസിന്റെ വിപണി മൂല്യം 19.63 ലക്ഷം കോടി രൂപയായിരുന്നു. ഓഹരികൾ കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ 11.56 ശതമാനവും രണ്ട് വർഷത്തിനുള്ളിൽ 31 ശതമാനവും മുന്നേറിയിട്ടുണ്ടെന്ന് കണക്കുകൾ കാണിക്കുന്നു.

ഇക്കഴിഞ്ഞ രണ്ടാം പാദഫല വേളയിൽ റിലയൻസിന്റെ ലാഭം 9.67 ശതമാനം വാർഷിക വളർച്ചയോടെ 18,165 കോടി രൂപയിലെത്തിയിരുന്നു. യുഎസും ഇന്ത്യയും തമ്മിലുള്ള തീരുവത്തർക്കം തുടരുന്നതിനിടയിലാണ് യുഎസ് കമ്പനിയായ മെറ്റയും ഇന്ത്യൻ കമ്പനിയായ റിലയൻസും കൈകോർക്കുന്നത്.

# ലോക ബാങ്ക് സഹായത്തോടെ ആരോഗ്യ മേഖലയിൽ വൻ വികസനം

## 400 മില്യൺ യുഎസ് ഡോളറിന്റെ പദ്ധതിക്ക് അന്തിമാനുമതി



**തിരുവനന്തപുരം:** ആരോഗ്യ വകുപ്പിന് കീഴിൽ ലോക ബാങ്ക് സഹായത്തോടെ കേരള ഹെൽത്ത് സിസ്റ്റം ഇംപ്രൂവ്മെന്റ് പ്രോഗ്രാം നടപ്പിലാക്കുന്നതിന് 400 മില്യൺ യു.എസ്. ഡോളറിന് (3,400 കോടിയോളം രൂപ) ലോക ബാങ്ക് അന്തിമാനുമതി നൽകി. ഇതിന്റെ 70 ശതമാനമായ 280 മില്യൺ ഡോളർ (2400 കോടിയോളം രൂപ) ലോക ബാങ്കും ബാക്കി സംസ്ഥാനവുമാണ് വഹിക്കുന്നത്. 2023ൽ പ്രാഥമിക അംഗീകാരം ലഭിച്ചതിനെ തുടർന്ന് കേരളം വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി കേന്ദ്ര സർക്കാരിന് സമർപ്പിച്ചിരുന്നു. തുടർന്ന് ലോക ബാങ്കുമായി നടത്തിയ ചർച്ചകൾക്ക് ശേഷം നടന്ന ലോക ബാങ്കിന്റെ ജനറൽ ബോഡിയാണ് അന്തിമ അംഗീകാരം നൽകിയത്.

ആരോഗ്യ മേഖലയിൽ വലിയ വികസനമാണ് ഇതിലൂടെ സാധ്യമാകുന്നതെന്ന് ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ് പറഞ്ഞു. ആരോഗ്യ രംഗത്ത് വലിയ വികസനം ലക്ഷ്യമിട്ടുകൊണ്ടാണ് കേരള ഹെൽത്ത് സിസ്റ്റം ഇംപ്രൂവ്മെന്റ് പ്രോഗ്രാം ആവിഷ്ക്കരിച്ചത്. ഉയർന്ന ജീവിത നിലവാരം, ആയുർദൈർഘ്യം എന്നിവ ഉറപ്പ് വരുത്തുന്നതിനും, തടയാവുന്ന രോഗങ്ങൾ, അപകടങ്ങൾ, അകാല മരണം എന്നിവയിൽ നിന്ന് മുക്തമായ ജീവിതം കെട്ടിപ്പെടുക്കുന്നതിനും ജനങ്ങളെ സഹായിക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം.

സംസ്ഥാനത്തെ വിവിധ വകുപ്പുകളെ കൂട്ടിയോജിപ്പിച്ചുകൊണ്ട് കാലാവസ്ഥാ വ്യതിയാനം ഉൾപ്പെടെ ഉയർന്നുവരുന്ന ഭീഷണികളോട് ഫലപ്രദമായി പ്രതികരിക്കുന്നതിനും കേരളത്തിലെ ആരോഗ്യ സംവിധാനങ്ങളുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും ഈ പദ്ധതി സഹായിക്കും. പകർച്ചേതര വ്യാധികൾ തടയുന്നതിനായി സമഗ്രമായ ഒരു ആവാസ വ്യവസ്ഥ വികസിപ്പിക്കുക, സംവിധാനങ്ങൾ ശക്തിപ്പെടുത്തുന്നതിലൂടെയും കാലാവസ്ഥാ വ്യതിയാനം സംബന്ധിച്ച മെച്ചപ്പെട്ട സമീപനങ്ങളിലൂടെയും ഉയർന്നുവരുന്ന ആരോഗ്യ ഭീഷണികളെ ചെറുക്കുകയും ക്രിയാത്മകമായി പ്രതികരിക്കുകയും ചെയ്യുക, ആംബുലൻസും ട്രോമ രജിസ്ട്രിയും ഉൾപ്പെടെ 24x7 അടിയന്തര പരിചരണ സൗകര്യങ്ങളുടെ കാര്യക്ഷമമായ ഒരു ശൃംഖല സൃഷ്ടിച്ചുകൊണ്ട് എമർജൻസി, ട്രോമ കെയർ സേവനങ്ങൾ ശക്തിപ്പെടുത്തുക, കൂടാതെ വയോജന സേവനങ്ങളിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും കൂടി ഇടപെടൽ മുഖേന, നിലനിൽക്കുന്ന വെല്ലുവിളികളും ഉയർന്നു വരുന്ന പുതിയ പ്രശ്നങ്ങളും പരിഹരിക്കുന്നതിനായി ആരോഗ്യ സംവിധാനങ്ങൾ പുനരാവിഷ്കരിക്കുക, വിഭവശേഷി വർദ്ധിപ്പിക്കുക, ഡിജിറ്റൽ ഹെൽത്ത് ആപ്ലിക്കേഷനുകൾ സാർവ്വത്രികമാക്കുകയും ആരോഗ്യത്തിനായി പൊതു ധനസഹായം വർധിപ്പിക്കുകയും ചെയ്യുക തുടങ്ങിയവയാണ് ഈ പദ്ധതി കൊണ്ട് ലക്ഷ്യമിടുന്നത്.

കേരള സംസ്ഥാനം പൊതുജനാരോഗ്യത്തിൽ, പ്രത്യേകിച്ച് മാതൃശിശു ആരോഗ്യത്തിൽ 2030 ലേക്കുള്ള സുസ്ഥിര വികസന ലക്ഷ്യങ്ങളെ മറികടന്ന് ശ്രദ്ധേയമായ വിജയം കൈവരിച്ചിട്ടുണ്ട്.

എന്നിരുന്നാലും പുതിയ ആരോഗ്യ വെല്ലുവിളികളും പൊതുജനാരോഗ്യ മേഖലയിലെ ഫണ്ടിംഗിന്റെ അപര്യാപ്തതയും സാംക്രമികേതര രോഗങ്ങളുടെ വർദ്ധനവുമെല്ലാം കേരളത്തിന് അമിത ഭാരം സൃഷ്ടിക്കുന്നു. ആർദ്രം, ആരോഗ്യ ജാഗ്രത, കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി തുടങ്ങിയ സംരംഭങ്ങൾ ഈ വെല്ലുവിളികളെ പരിഹരിക്കാൻ ലക്ഷ്യമിടുന്നുണ്ടെങ്കിലും, ആരോഗ്യ സംരക്ഷണ രംഗത്തെ പുതിയ വെല്ലുവിളികളെ അഭിമുഖീകരിക്കുന്നതിനായാണ് ഒരു പുതിയ സേവന വിതരണ മാതൃക സൃഷ്ടിക്കാൻ ലക്ഷ്യമിടുന്നത്.




# സമ്മിറ്റ് ഓഫ് ഫ്യൂച്ചർ രണ്ടാം പതിപ്പ് ജനുവരിയിൽ

**കൊച്ചി:** നവ ആശയങ്ങളുടെയും വിനോദത്തിന്റെയും സംഗമവേദിയായ സമ്മിറ്റ് ഓഫ് ഫ്യൂച്ചറിന്റെ രണ്ടാം പതിപ്പ് ഒരുങ്ങുന്നു. കൊച്ചി ജെയിൻ യൂണിവേഴ്സിറ്റി ആതിഥേയത്വം വഹിക്കുന്ന ഉച്ചകോടി ജനുവരി 29 മുതൽ ഫെബ്രുവരി ഒന്ന് വരെ കൊച്ചിയിലാണ് നടക്കുക.

ഹോട്ടൽ ഗ്രാൻഡ് ഹയാത്തിൽ നടന്ന ചടങ്ങിൽ ഹൈബി ഈഡൻ എംപി, ജെയിൻ യൂണിവേഴ്സിറ്റി ന്യൂ ഇനിഷ്യേറ്റീവ്സ് ഡയറക്ടർ ഡോ. ടോം എം ജോസഫ്, ഫ്യൂച്ചർ കേരള മിഷൻ ചെയർമാൻ വേണു രാജാമണി, ജെയിൻ യൂണിവേഴ്സിറ്റി പ്രൊവൈസ് ചാൻസലർ പ്രൊഫ. ഡോ. ജെ. ലത, ഇൻഫോപാർക്ക് സിഇഒ സുശാന്ത് കുറുന്തിൽ, ജെയിൻ യൂണിവേഴ്സിറ്റി കൊച്ചി ഹെഡ് ഓഫ് ഓപ്പറേഷൻസ് സുബി കുര്യൻ എന്നിവർ ചേർന്ന് രണ്ടാം എഡിഷന്റെ ലോഗോ പ്രകാശനം ചെയ്തു. ആദ്യ പതിപ്പിന്റെ വൻ വിജയത്തെ തുടർന്നാണ് രണ്ടാം പതിപ്പ് സംഘടിപ്പിക്കുന്നത്. വിദ്യാഭ്യാസം, സാങ്കേതികവിദ്യ, എർത്ത്, സംരംഭകത്വം, വെൽനസ്, ഫുഡ്, കൾച്ചർ ആൻഡ് ലിറ്ററേച്ചർ എന്നിങ്ങനെ ഏഴ് ട്രാക്കുകളിലായാണ് നാലു ദിവസം നീണ്ടു നിൽക്കുന്ന ഉച്ചകോടി വിഭാവനം ചെയ്തിരിക്കുന്നത്. രണ്ടുലക്ഷത്തിലധികം പേർ പങ്കെടുക്കുന്ന സമ്മിറ്റിൽ 400ൽ അധികം വിദഗ്ധർ, മുപ്പതിലധികം കലാകാരന്മാർ എന്നിവർ വിവിധ സെഷനുകളിൽ പങ്കുചേരും.

30ൽ അധികം പാനൽ ചർച്ചകളും 50ൽ അധികം വർക്ഷോപ്പുകളും മാസ്റ്റർക്ലാസുകളും ഒരുക്കിയിട്ടുണ്ട്. ആഗോള ചിന്തകർ, നയരൂപകർത്താക്കൾ, വ്യവസായ പ്രമുഖർ, അക്കാദമിക് വിദഗ്ധർ,വിദ്യാർത്ഥികൾ എന്നിവർക്കൊപ്പം സാധാരണക്കാർക്കു കൂടി പങ്കാളിത്തം ഉറപ്പാക്കുന്നുവെന്നതാണ് ഇത്തവണത്തെ പ്രത്യേകത. കേരളത്തിന്റെ ഭാവിയെക്കുറിച്ച് സാധാരണക്കാരുടെ അഭിപ്രായങ്ങളും ആശയങ്ങളും സ്വീകരിക്കുകയും മികച്ച ആശയങ്ങൾ വിദഗ്ദ്ധർക്ക് മുന്നിൽ അവതരിപ്പിക്കാൻ അവസരം നൽകുകയും ചെയ്യും. ഇതിന്റെ ഭാഗമായി, പൊതുജനങ്ങളിൽ നിന്ന് ഭാവി കേരളത്തെ കുറിച്ചുള്ള അഭിപ്രായങ്ങളും ആശയങ്ങളും ശേഖരിക്കുന്നതിനുള്ള പ്രത്യേക ക്യാമ്പയിനും ഉച്ചകോടിക്ക് മുന്നോടിയായി ആരംഭിക്കും. ആദ്യ പതിപ്പിലുണ്ടായിരുന്ന സെലിബ്രിറ്റി പ്രകടനങ്ങൾ, റോബോ വേഴ്സ്, സ്റ്റുഡന്റ്സ് ബിനാലെ, മ്യൂസിക് നൈറ്റ്, ഫുഡ് സ്ട്രീറ്റ്, ഫ്ലീ മാർക്കറ്റ്, ഡാൻസ് കൊച്ചി തുടങ്ങിയവ ഇത്തവണയും അരങ്ങേറും. ഇവ കൂടാതെ, ഓട്ടോ എക്സ്പോ, ഇ-സ്പോർട്സ് ഗെയിം വേഴ്സ്, ഹ്യൂമൻ ലൈബ്രറി, ഡ്രോൺഷോ എന്നിവ ഇത്തവണത്തെ മുഖ്യ ആകർഷണങ്ങളാണ്. കേരളത്തിലെ ഏറ്റവും വലിയ ഓട്ടോ എക്സ്പോ, ഇ-സ്പോർട്സ് ഗെയിം വേഴ്സ് എന്നിവയ്ക്ക് കൊച്ചി സാക്ഷ്യം വഹിക്കും. രണ്ടാം എഡിഷന് മുന്നോടിയായി സ്കൂൾകോളജ് വിദ്യാർത്ഥികൾക്കായി ഐഡിയ ഫെസ്റ്റ്, സ്പീക്ക് ഫോർ ഫ്യൂച്ചർ എന്നീ പ്രോഗ്രാമുകളും ആരംഭിച്ചിട്ടുണ്ട്. ഹൈബ്രിഡ് ഇന്നൊവേഷൻ മത്സരമായ ഐഡിയ ഫെസ്റ്റ് 2025ന് കേരളത്തിലെ കോളേജുകളിലെ അവസാന വർഷ ബിരുദ വിദ്യാർത്ഥികൾക്കും കേരളത്തിലെയും ഗൾഫ് മേഖലയിലെയും പ്ലസ് ടു വിദ്യാർത്ഥികൾക്കും ടീമുകളായി പങ്കെടുക്കാം. നവംബർ ആദ്യവാരം നടക്കുന്ന ഓൺലൈൻ ഡിസൈൻ തിങ്കിംഗ് ശില്പശാലയ്ക്ക് ശേഷം നവംബർ 21, 22 തീയതികളിൽ ക്യാമ്പസിൽ ഐഡിയഫെസ്റ്റ് മത്സരം അരങ്ങേറും. ഇതിന് പുറമെ, വിദ്യാർത്ഥികൾക്കായി സംഘടിപ്പിക്കുന്ന പ്രസംഗ മത്സരമായ സ്പീക്ക് ഫോർ ഫ്യൂച്ചറിൽ ബിരുദ, ബിരുദാനന്തര വിദ്യാർത്ഥികൾക്കും 11, 12 വിദ്യാർത്ഥികൾക്കും സൗജന്യമായി പങ്കെടുക്കാം. 'ഭാവി എന്റെ കാഴ്ചപ്പാടിൽ' എന്ന വിഷയത്തെ ആസ്പദമാക്കി അഞ്ച് മിനിറ്റിൽ കവിയാത്ത പ്രസംഗം വീഡിയോ രൂപത്തിൽ തയാറാക്കി, #SpeakForTheFuture എന്ന ഹാഷ്ടാഗോടെ സോഷ്യൽ മീഡിയയിൽ പോസ്റ്റ് ചെയ്യുകയും സംഘാടകർക്ക് സമർപ്പിക്കുകയുമാണ് വേണ്ടത്. 2026 ജനുവരി 10 ആണ് അവസാന തീയതി.

സൊസൈറ്റി ടുഡേ
SOCIETY TODAY

# വനിതാ തൊഴിലധിഷ്ഠിത നൈപുണ്യ പദ്ധതിക്ക് തുടക്കമായി

**തൃശൂർ:** സ്ത്രീകൾക്ക് ആത്മവിശ്വാസത്തോടെയും തന്റേടത്തോടെയും ഓട്ടോമൊബൈൽ മേഖലയിലേക്ക് കടന്നു ചെല്ലാൻ പ്രാപ്തരാക്കുന്നതിനായി ആരംഭിച്ച നാരിചക്ര- പെൺകരുത്ത് പരിശീലന പദ്ധതി വനിതാ വിപ്ലവത്തിന് വഴി തെളിക്കുമെന്ന് മന്ത്രി ആർ. ബിന്ദു. ഉന്നത വിദ്യാഭ്യാസ വകുപ്പിന് കീഴിലെ അസാപ് കേരളയും ഓട്ടോമൊബൈൽ രംഗത്തെ പ്രമുഖ സ്ഥാപനമായ മഹീന്ദ്ര ആൻഡ് മഹീന്ദ്രയും ഇറാം ടെക്നോളജീസും സംയുക്തമായി സഹകരിച്ച് വനിതകൾക്കായി വിഭാവനം ചെയ്ത തൊഴിലധിഷ്ഠിത നൈപുണ്യ പരിശീലന പരിപാടി നാരിചക്രപെൺകരുത്ത് പദ്ധതി ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു ബിന്ദു.

സ്ത്രീകളുടെ അറിവും കഴിവും നാല് ചുമാരുകൾക്ക് അപ്പുറത്തേക്ക് പ്രയോജനപ്പെടുത്തുക അതോടൊപ്പം വരുമാനം ലഭിക്കുന്ന തൊഴിലുകളിലൂടെ സ്ത്രീക്ക് സാമ്പത്തിക സ്വയം പര്യാപ്തത ഉറപ്പാക്കുക തുടങ്ങിയ മാറ്റങ്ങൾക്ക് പ്രാധാന്യം നൽകിക്കൊണ്ട് നിരവധി പദ്ധതികൾ സർക്കാർ ആവിഷ്കരിക്കുന്നുണ്ട്. അസാപിന്റെ നേതൃത്വത്തിൽ ഒരുക്കിയ ഈ സ്കിൽ കോഴ്സ് അതിന് ഒരു ഉദാഹരണമാണെന്നും ബിന്ദു കൂട്ടിച്ചേർത്തു. അസാപ് കേരള കുന്നംകുളം കമ്മ്യൂണിറ്റി സ്കിൽ പാർക്കിൽ വച്ച് നടന്ന പരിപാടിയിൽ എ.സി. മൊയ്തീൻ എം.എൽ.എ അധ്യക്ഷത വഹിച്ചു.

സ്ത്രീകളുടെ പങ്കാളിത്തം കുറവുള്ള വാഹന വിപണന മേഖലയിൽ അവരുടെ തൊഴിൽ പ്രാതിനിധ്യം വർധിപ്പിക്കുക എന്നതാണ് പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്.

രണ്ട് മാസക്കാലം നീണ്ടുനിൽക്കുന്ന പരിശീലന പരിപാടിയിൽ കസ്റ്റമർ റിലേഷൻസ് എക്സിക്യൂട്ടീവ്, സർവീസ് അഡ്വൈസർ എന്നീ നൈപുണ്യ കോഴ്സുകളാണുള്ളത്. 100% പ്ലേസ്മെന്റ് ഉറപ്പുനൽകുന്ന പദ്ധതിയിൽ, കോഴ്സ് വിജയകരമായി പൂർത്തീകരിക്കുന്ന വനിതകൾക്ക് സംസ്ഥാനത്തെ മഹീന്ദ്ര ഷോറുമുകളിൽ ജോലി ലഭിക്കുന്നതാണ്.

ചടങ്ങിൽ കുന്നംകുളം മുനിസിപ്പാലിറ്റി ചെയർപേഴ്സൺ സീത രവീന്ദ്രൻ, ടൗൺ വാർഡ് കൗൺസിലർ ബിജു സി. ബേബി, ഇറാം ഹോൾഡിങ്സ് ചെയർപേഴ്സൺ ആൻഡ് മാനേജിങ് ഡയറക്ടർ ഡോ. സിദ്ദീഖ് അഹമ്മദ്, ഇറാം ടെക്നോളജീസ് പ്രൈവറ്റ് ലിമിറ്റഡ് ഡയറക്ടർ പൗലോസ് തേപ്പാല, മഹീന്ദ്ര ആൻഡ് മഹീന്ദ്ര റീജിയണൽ സെയിൽസ് മാനേജർ എം.ആർ നാരായണൻ, അസാപ് കേരള ബിസിനസ് ഹെഡ് ഐ.പി ലൈജു നായർ തുടങ്ങിയവർ പങ്കെടുത്തു.




**തിരുവനന്തപുരം ടാഗോർ തീയേറ്ററിൽ സംഘടിപ്പിച്ച കേരള ടെക്നിക്കൽ എഡ്യൂക്കേഷൻ എൻഹാൻസമെന്റ് സമ്മിറ്റിൽ സംസ്ഥാന സർക്കാരിന്റെ മിനിസ്റ്റേഴ്സ് എക്സലൻസ് അവാർഡ് ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി ഡോ ആർ ബിന്ദുവിൽ നിന്ന് ഫിസാറ്റിന് വേണ്ടി അധ്യാപകരായ ഡോ. സുമയ്യ നസ്നിൻ പി ച്ച് & ഡോ. ടി എം ഹരീഷ് എന്നിവർ അവാർഡ് ഏറ്റുവാങ്ങുന്നു.**

# ഫിസാറ്റിന് സംസ്ഥാന സർക്കാരിന്റെ അംഗീകാരം

**അങ്കമാലി:** ഫിസാറ്റ് എൻജിനിയറിങ് കോളേജിന് സംസ്ഥാന സർക്കാരിന്റെ അംഗീകാരം. നാഷണൽ ബോർഡ് ഓഫ് അക്രഡിറ്റേഷൻ ലഭിച്ച കോളേജുകളുടെ പട്ടികയിൽ നിന്ന് ഈ വർഷത്തെ മികച്ച കോളേജുകളെ തിരഞ്ഞെടുത്തതിൽ സംസ്ഥാന സർക്കാരിന്റെ മിനിസ്റ്റേഴ്സ് എക്സലൻസ് അവാർഡ് ഫിസാറ്റിന് ലഭിച്ചു.

മന്ത്രി ആർ ബിന്ദു അവാർഡ് വിതരണം ചെയ്തു. ഡയറക്ടറേറ്റ് ഓഫ് ടെക്നിക്കൽ എഡ്യൂക്കേഷനും നാഷണൽ ട്രാൻസ്പോർട്ടേഷൻ പ്ലാനിംഗ് ആൻഡ് റിസർച്ച് സെന്ററും കേരള സ്റ്റേറ്റ് കൗൺസിൽ ഫോർ സയൻസ് ടെക്നോളജി ആൻഡ് എൺവയൺമെന്റും സംയുക്തമായി തിരുവനന്തപുരം ടാഗോർ തീയേറ്ററിൽ സംഘടിപ്പിച്ച കേരള ടെക്നിക്കൽ എഡ്യൂക്കേഷൻ എൻഹാൻസമെന്റ് സമ്മിറ്റിൽ ആണ് കൂടാതെ സംസ്ഥാന സർക്കാർ ദേശിയ റോഡ് സുരക്ഷ മാസാചരണത്തിൻറെ ഭാഗമായി സംഘടിപ്പിച്ച പരിപാടിയിൽ മികച്ച പ്രകടനം കാഴ്ച്ചവച്ചതിന് മികച്ച കോളേജിനുള്ള അംഗീകാരവും അങ്കമാലി ഫിസാറ്റ് എഞ്ചിനിയിറിങ് കോളേജിന് ലഭിച്ചു . കോളേജിന് വേണ്ടി അധ്യാപകരായ ഡോ. സുമയ്യ നസ്നിൻ പി ച്ചും ഡോ. ടി എം ഹരീഷും അവാർഡുകൾ ഏറ്റുവാങ്ങി. നാഷണൽ അസ്സെസ്സ്മെന്റ് ആൻഡ് അക്രഡിറ്റേഷൻ കൗൺസിൽ അംഗീകാരം നേടിയ മികച്ച കോളേജുകളെ ആദരിച്ചതിൽ ഫിസാറ്റിന് ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രിയിൽ നിന്നും കഴിഞ്ഞ ദിവസം അവാർഡ് ലഭിച്ചിരുന്നു. ദേശിയ റോഡ് സുരക്ഷാ വാരാചരണത്തിൻറെ ഭാഗമായി നടത്തിയ വിവിധ മത്സരങ്ങളിൽ ഫിസാറ്റിലെ നാലു വിദ്യാർത്ഥികൾക്ക് പുരസ്കാരവും ലഭിച്ചു. ഫോട്ടോഗ്രാഫി വിഭാഗത്തിൽ തെരേസ ജെ, അമ്മു ബിജു എന്നിവർക്കും, ലോഗോ അവതരണ വിഭാഗത്തിൽ നിഖിൽ സതീശനും, സ്ലോഗൻ നിർമാണത്തിൽ നവീദ് എസ് പെയിന്റിംഗ് വിഭാഗത്തിൽ അനഞ്ജൻ വിജയിക്കും സമ്മാനങ്ങൾ ലഭിച്ചു.

# മൂവാറ്റുപുഴയിലെ മാലിന്യ പ്രശ്നങ്ങൾക്ക് പരിഹാരം: സാനിറ്ററി മാലിന്യ ശേഖരണ പദ്ധതിക്ക് തുടക്കമായി

**മൂവാറ്റുപുഴ:** പുഴകളിലും വഴിയോരങ്ങളിലും ഡയപ്പർ ഉൾപ്പെടെയുള്ള മാലിന്യങ്ങൾ വലിച്ചെറിയുന്നത് മൂലം ഉണ്ടാകുന്ന പാരിസ്ഥിതിക പ്രശ്നങ്ങൾ ഒഴിവാക്കുക എന്ന ലക്ഷ്യത്തോടെ മൂവാറ്റുപുഴ നഗരസഭയിൽ സാനിറ്ററി മാലിന്യ ശേഖരണ പദ്ധതിക്ക് തുടക്കമായി. നഗരസഭാ ചെയർപേഴ്സൺ പി പി എൽദോസ് പദ്ധതിയുടെ ഉദ്ഘാടനം നിർവഹിച്ചു

'ആക്രി'എന്ന ഏജൻസിയുടെ സഹകരണത്തോടെയാണ് മൂവാറ്റുപുഴ നഗരസഭയിൽ പദ്ധതിക്ക് തുടക്കമിട്ടത്. പദ്ധതിയുടെ ഭാഗമായി സാനിറ്ററി നാപ്കിൻ, ഡയപ്പർ, ഗ്ലൗസ്, യൂറിൻ ബാഗുകൾ, കാലഹരണപ്പെട്ട മരുന്നുകൾ ഉൾപ്പെടെയുള്ള മാലിന്യങ്ങൾ വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും ശേഖരിക്കും.

മാലിന്യം വീടുകളിൽ നിന്നും ശേഖരിക്കുന്നതിനായി മുൻകൂട്ടി ആക്രി ആപ്പിൽ ബുക്ക് ചെയ്യാം. നിലവിൽ ഒരു കിലോ മാലിന്യത്തിന് 45 രൂപയാണ് യൂസർഫീയായി ഈടാക്കുന്നത്. അനുമതി ലഭിക്കുന്നതോടെ വീടുകളിൽ നിന്നും ബയോമെഡിക്കൽ വേസ്റ്റുകൾ സബ്സിഡി നിരക്കിൽ ശേഖരിക്കുന്ന സംവിധാനവും കൊണ്ടുവരും. ഉദ്ഘാടന ചടങ്ങിൽ വികസനകാര്യ സ്ഥിരം സമിതി അധ്യക്ഷൻ അബ്ദുൽ ഖാദർ അജിമോൻ അധ്യക്ഷനായി. ക്ഷേമകാര്യ സ്ഥിരം സമിതി അധ്യക്ഷ മീരാ കൃഷ്ണൻ, നഗരസഭാംഗങ്ങളായ ആർ രാകേഷ്, കെ ജി അനിൽകുമാർ, പി എം സലിം, നഗരസഭാ സെക്രട്ടറി എച്ച്. സിമി, ക്ലീൻ സിറ്റി മാനേജർ എച്ച്. നൗഷാദ് എന്നിവർ പങ്കെടുത്തു.



# ചിന്മയ വിശ്വവിദ്യാപീഠം കൽപിത സർവകലാശാല ലൈബ്രറി സമുച്ചയത്തിന് തറക്കല്ലിട്ടു

**കൊച്ചി:** ചിന്മയ വിശ്വവിദ്യാപീഠം കൽപിത സർവകലാശാലയുടെ ലൈബ്രറി സമുച്ചയത്തിന് തറക്കല്ലിട്ടു. ഓണക്കൂറിലെ ലളിത പ്രതിഷ്ഠാനിൽ നടന്ന ചടങ്ങിൽ ചിന്മയ മിഷൻ ആഗോള മേധാവിയും ചിന്മയ വിശ്വവിദ്യാപീഠം കൽപിത സർവകലാശാലയുടെ ചാൻസിലറുമായ സ്വാമി സ്വരൂപാനന്ദ സരസ്വതി ശിലാസ്ഥാപനം നടത്തി. ചിന്മയ മിഷൻ കേരളാ മേധാവി സ്വാമി വിവിക്താനന്ദ സരസ്വതി, ചിന്മയ ഇന്റർനാഷണൽ ഫൗണ്ടേഷനിലെ മുഖ്യആചാര്യനായ സ്വാമി ശാരദാനന്ദ സരസ്വതി തുടങ്ങിയവരുടെ സാന്നിധ്യത്തിലായിരുന്നു ശിലാസ്ഥാപനം. ചിന്മയ വിശ്വവിദ്യാപീഠം കൽപിത സർവകലാശാല ആക്ടിങ് വൈസ് ചാൻസിലർ പ്രൊഫ.ടി. അശോകൻ, റജിസ്ട്രാർ ഇൻ ചാർജ് ഡോ.പി.രാജേന്ദ്രൻ, ചിന്മയ മിഷൻ ഹൂസ്റ്റണിലെ ആചാര്യനായ ഗൗരങ് നാനാവതി, മാധവി വഡേര, ചിന്മയ വിശ്വവിദ്യാപീഠം ട്രസ്റ്റ് മാനേജിങ് ട്രസ്റ്റി ഡോ.അപ്പാറാവു മുക്കാമല, ജോയിന്റ് സെക്രട്ടറിമാരായ ബി.ഭവേഷ്, നേഹാ ബ്രൂട്ട തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു. പൂർണമായും ഡിജിറ്റൽ സാങ്കേതിക വിദ്യായിൽ നിർമിത ബുദ്ധിയുടെ പിന്തുണയോടെയാണ് പുതിയ ലൈബ്രറി ഒരുങ്ങുന്നത്. ഭാരതന്റെ പാരമ്പര്യ വിഞ്ജാനശാഖയുടെ ഭാഗമായ പൗരാണിക പുസ്തകങ്ങളും താളിയോല ഗ്രന്ഥങ്ങളും സൂക്ഷിക്കുന്നതിനും വിദ്യാർഥികൾക്ക് ഗുണകരമായ രീതിയിൽ ഉപയോഗിക്കുന്നതിനും വിപുലമായ സംവിധാനം പുതിയ ലൈബ്രറി സമുച്ചയത്തിൽ ഒരുക്കും. സർവകലാശാലയിൽ പുതുതായി ആരംഭിച്ച വിവിധ ഗവേഷണ കേന്ദ്രങ്ങളും ലാബുകളും സ്വാമി സ്വരൂപാനന്ദ സരസ്വതി സന്ദർശിച്ചു.അധ്യാപകരും ജീവനക്കാരുമായി ആശവിനിമയം നടത്തി. ചിന്മയ മിഷൻ കേരളാ മേധാവി സ്വാമി വിവിക്താനന്ദ സരസ്വതി, ചിന്മയ ഇന്റർനാഷണൽ ഫൗണ്ടേഷനിലെ മുഖ്യആചാര്യനായ സ്വാമി ശാരദാനന്ദ സരസ്വതി തുടങ്ങിയവർ സ്വാമിയെ അനുഗമിച്ചു.നാലുദിവസത്തെ കേരള സന്ദർശനം പൂർത്തിയാക്കി സ്വാമി സ്വരൂപാനന്ദ സരസ്വതി മടങ്ങി.

# പുറത്താക്കപ്പെട്ടവർ ജെഎസ്എസിന്റെ പേരുപയോഗിക്കുന്നത് തടയണം; കോടതിയിൽ ഹരജി

**കൊച്ചി:** പാർട്ടി വിരുദ്ധ പ്രവർത്തനങ്ങളുടെ പേരിൽ ജെ.എസ്.എസിൽ നിന്നും പുറത്താക്കപ്പെട്ടവർ ജെ.എസ്.എസിന്റെ പേരും കൊടിയും ചിഹ്നവും ഉപയോഗിക്കുന്നതിനെതിരെ ജെ.എസ്.എസ് സംസ്ഥാന ജനറൽ സെക്രട്ടറി അഡ്വ. എ. എൻ രാജൻബാബു നൽകിയ ഹരജി ഫയലിൽ സ്വീകരിച്ച് എതിർ കക്ഷികൾക്ക് അടിയന്തര നോട്ടീസ് അയക്കാൻ കോടതി ഉത്തരവിട്ടു. ആലപ്പുഴ മുൻസിഫ് കോടതിയാണ് ഉത്തരവ് പുറപ്പെടുവിച്ചത്. ജെ.എസ്.എസ് സംസ്ഥാന പ്രസിഡന്റായിരുന്ന എ.വി താമരാക്ഷൻ, സെക്രട്ടറി ബാലരാമപുരം സുരേന്ദ്രൻ, കെ.പി സുരേഷ് തുടങ്ങിയവരെ പാർട്ടി വിരുദ്ധ പ്രവർത്തനങ്ങളുടെ പേരിൽ പുറത്താക്കിയിരുന്നു. എന്നാൽ പുറത്താക്കപ്പെട്ട ഇവർ ജെ.എസ്.എസിന്റെ പേരും, കൊടിയുടെ, ചിഹ്നവും ഉപയോഗിച്ച് ഒദ്യോഗിക പാർട്ടി തങ്ങളാണെന്ന് പറഞ്ഞ് സമ്മേളനങ്ങൾ നടത്തുകയും വ്യാപക പണപ്പിരിവ് നടത്തുകയും ചെയ്തുവെന്നും ഇത് തടയണമെന്നാവശ്യപ്പെട്ടാണ് കോടതിയെ സമീപിച്ചതെന്നും പാർട്ടി ജനറൽ സെക്രട്ടറി അഡ്വ. എ. എൻ രാജൻ ബാബു പറഞ്ഞു.

## ടെൻഡർ

**കൊച്ചി:** വിശാല കൊച്ചി വികസന അതോറിറ്റിയുടെ കീഴിലുള്ള വിവിധ വാണിജ്യ സമുച്ചയങ്ങളിലെ കടമുറി/ഓഫീസ് മുറികൾ എന്നിവ വാടകയ്ക്ക് നൽകുന്നതിന് ടെൻഡർ ക്ഷണിച്ചു. താൽപര്യമുള്ളവർക്ക് ഒക്ടോബർ 29ന് ഉച്ചയ്ക്ക് ഒന്നു വരെ ജിസിഡിഎ ഓഫീസിൽ എസ്റ്റേറ്റ് വകുപ്പിൽ ടെൻഡറുകൾ സമർപ്പിക്കാം.




# കുസാറ്റ് രാജ്യത്തിന്റെ ശാസ്ത്ര സാങ്കേതിക പുരോഗതിക്ക് ആത്മവിശ്വാസം പകരുന്ന സർവകലാശാല: മന്ത്രി

**കൊച്ചി:** 'ശാസ്ത്ര സാങ്കേതിക മേഖലകളിൽ കൂടുതൽ ഊന്നൽ നൽകിക്കൊണ്ട് ആ മേഖലയിലെ ഗവേഷണാത്മക പ്രവർത്തനങ്ങൾക്ക് വേണ്ടി രൂപീകൃതമായ സർവകലാശാല എന്ന നിലയിൽ കുസാറ്റിനുള്ള സവിശേഷത ഈ പുതിയ കാലവും, ലോകവും ആവശ്യപ്പെടുന്ന കാര്യങ്ങളിൽ നമുക്ക് ആത്മവിശ്വാസത്തോടെ തലയുയർത്തി പിടിച്ചുനിൽക്കാനുള്ള പിൻബലം കുസാറ്റ് നൽകുന്നുണ്ട്, എന്ന് മന്ത്രി ആർ ബിന്ദു പറഞ്ഞു. കുസാറ്റ് മെറിറ്റ് ഡേ 2025 ഉദ്ഘാടന ചടങ്ങിൽ സംസാരിക്കുകയായിരുന്നു മന്ത്രി.

ക്യാമ്പസ് മതിൽക്കെട്ടിന് പുറത്തുള്ള സമൂഹത്തെ കൂടി ചേർത്ത് പിടിച്ചുകൊണ്ട് ലോകത്തിനും സമൂഹത്തിനും ഉപകാരപ്രദമായ ഒട്ടേറെ ഗവേഷണാത്മകമായ കണ്ടുപിടുത്തങ്ങൾ ഈ ക്യാമ്പസിൽ നിന്നും ഉണ്ടാകുന്നുണ്ടെന്നും മന്ത്രി കൂട്ടിചേർത്തു.

ചടങ്ങിൽ കുസാറ്റ് വൈസ് ചാൻസലർ ഡോ. എം ജുനൈദ് ബുഷിരി അധ്യക്ഷത വഹിച്ചു. കുസാറ്റ് സിൻഡിക്കേറ്റ് അംഗവും യുവജനക്ഷേമ വകുപ്പ് ഡയറക്ടറുമായ ഡോ. പി, കെ ബേബി, രജിസ്ട്രാർ ഡോ. അരുൺ എ യു, IQAC ഡയറക്ടർ ഡോ. സാം തോമസ്, കൺട്രോളർ ഓഫ് എക്സാമിനേഷൻസ് ഡോ. എൻ മനോജ് എന്നിവർ ചടങ്ങിൽ സംസാരിച്ചു.

മറൈൻ ബയോളജി, മൈക്രോബയോളജി & ബയോകെമിസ്ട്രി വകുപ്പ് അസിസ്റ്റന്റ് പ്രൊഫസർ ഡോ. സ്വപ്ന പി. ആന്റണി, അഡ്വാൻസ്ഡ് സെന്റർ ഫോർ അറ്റ്മോസ്ഫെറിക് റഡാർ റിസർച്ച് ശാസ്ത്രജ്ഞൻ ഡോ. മനോജ് എം.ജി, ഇന്റർനാഷണൽ സ്കൂൾ ഓഫ് ഫോട്ടോണിക്സിലെ അസിസ്റ്റന്റ് പ്രൊഫസർ ഡോ. പ്രവീൺ സി.എസ് എന്നിവർക്കാണ് 2024ലെ Distinguished Young Facutly Award ലഭിച്ചത്.

ഇന്റർനാഷണൽ സ്കൂൾ ഓഫ് ഫോട്ടോണിക്സിലെ ഡോ. ശിൽപ എസ്, കെമിസ്ട്രി വകുപ്പിലെ മുഹമ്മദ് ഹാഷിം കെ.കെ, സ്കൂൾ ഓഫ് മാനേജ്മെന്റ് സ്റ്റഡീസിലെ മുകുൽ ദേവ് സുറീറ മറൈൻ ബയോളജി, മൈക്രോബയോളജി & ബയോകെമിസ്ട്രി വകുപ്പിലെ ഹരി പ്രവേദ് പി എന്നിവർക്കാണ് 2024ലെ അവാർഡ് ലഭിച്ചത്.

ചടങ്ങിൽ വിവിധ വകുപ്പുകളിൽ അക്കാദമിക മികവിലൂടെ ശ്രദ്ധേയരായ 27 വിദ്യാർത്ഥികൾക്ക് സർവകലാശാല എൻഡൗമെന്റ് അവാർഡുകൾ നൽകി. കൂടാതെ 2024–25 വർഷത്തിൽ ദേശീയഅന്തർദേശീയ തലത്തിൽ കലാകായിക മത്സരങ്ങളിൽ മികവ് തെളിയിച്ച 28 വിദ്യാർത്ഥികളേയും ചടങ്ങിൽ അനുമോദിച്ചു.

സർവകലാശാലയിലെ അധ്യാപകരുടെയും ഗവേഷക വിദ്യാർത്ഥികളുടെയും അധ്യാപനം, ഗവേഷണം, പാഠ്യേതര മേഖലകൾ എന്നിവയിലുണ്ടായ മികവിനെയും നേട്ടങ്ങളെയും അംഗീകരിക്കരിക്കുന്നതിനാണ് എല്ലാ വർഷവും മെറിറ്റ് ഡേ സംഘടിപ്പിക്കുന്നത്.

# തേജസ്വി എച്ച്പിസി ആധുനിക ഗവേഷണത്തിന് സഹായകമാകുന്ന സംവിധാനം: മന്ത്രി ബിന്ദു

**കൊച്ചി:** തേജസ്വി എച്ച്പിസി ആധുനികമായ ഗവേഷണത്തിന് സഹായകമാകുന്ന വിധത്തിൽ രൂപകൽപ്പന ചെയ്തിരിക്കുന്നു എന്നതിൽ അഭിമാനമുണ്ട്, എന്ന് മന്ത്രി ആർ ബിന്ദു പറഞ്ഞു. ദക്ഷിണേന്ത്യയിലെ സർവകലാശാല തലത്തിൽ സ്ഥാപിച്ച ഏറ്റവും വലിയ ഹൈബ്രിഡ് ഹൈപെർഫോമൻസ് കമ്പ്യൂട്ടിംഗ് (എച്ച്പിസി) സംവിധാനമായ 'തേജസ്വിയുടെ' ഉദ്ഘാടന ചടങ്ങിൽ സംസാരിക്കുകയായിരുന്നു മന്ത്രി. തേജസ്വിയും, കുസാറ്റ് അനലിറ്റിക്കൽ ഇൻസ്ട്രുമെൻറ്സ് ഫെസിലിറ്റിയും ഭാവിയിലേക്ക് വളരെ വലിയ അനുഗ്രഹമായി തീരുമെന്നും മന്ത്രി കൂട്ടിച്ചേർത്തു.

ചടങ്ങിൽ കുസാറ്റ് വൈസ് ചാൻസലർ ഡോ. എം. ജുനൈദ് ബുഷിരി അധ്യക്ഷത വഹിച്ചു. കുസാറ്റ് സിൻഡിക്കേറ്റ് അംഗവും സിഐആർഎം ഡയറക്ടർ ഡോ. ജി സന്തോഷ് കുമാർ, കുസാറ്റ് സിൻഡിക്കേറ്റ് അംഗം ശശി ഗോപാലൻ, മുൻ വൈസ് ചാൻസലർ ഡോ. പി ജി ശങ്കരൻ, രജിസ്ട്രാർ ഡോ. അരുൺ എ. യു, ഫിനാൻസ് ഓഫീസർ ഗിരീഷ് കുമാർ, സയൻസ് ഡീൻ ഡോ. ശിവാനന്ദൻ ആചാരി, കൺട്രോളർ ഓഫ് എക്സാമിനേഷൻസ് ഡോ. എൻ മനോജ് എന്നിവർ ചടങ്ങിൽ പങ്കെടുത്തു.

തേജസ്വി എച്ച്പിസി സിസ്റ്റം 350 ടെറാഫ്ലോപ്പ്സ് ശേഷിയുള്ള ഹൈബ്രിഡ് ഹൈപെർഫോർമൻസ് കമ്പ്യൂട്ടിംഗ് സംവിധാനമാണ്. 102 കമ്പ്യൂട്ട് നോഡുകളും, 9 ജിപിയു നോഡുകളും, 2 പെറ്റാബൈറ്റ് ഫയൽ സ്റ്റോറേജും ഉൾക്കൊള്ളുന്ന ഈ സംവിധാനം ഹ്യൂലറ്റ് പാക്കാർഡ് എൻറർപ്രൈസും , സ്റ്റാർവൺ ഐടി സൊല്യൂഷൻസും ചേർന്നാണ് രൂപകൽപന ചെയ്ത് കുസാറ്റ് സെൻറർ ഫോർ ഇൻഫർമേഷൻ റിസോഴ്സ് മാനേജ്മൻറിൽ സ്ഥാപിച്ചിരിക്കുന്നത്. ക്ലൈമറ്റ് മോഡലിങ്, കമ്പ്യൂട്ടേഷണൽ എഞ്ചിനിയറിങ്, ആർട്ടിഫിഷ്യൽ ഇൻറലിജൻസ്, മെഷീൻ ലേണിങ് തുടങ്ങിയ മേഖലകളിലെ ഗവേഷണങ്ങൾക്ക് ഇത് ഉപകരിക്കും.

കേരള സർക്കാരിൻറെ കിഫ്ബി പദ്ധതി വഴി കുസാറ്റിന് ലഭ്യമായ 230 കോടി രൂപയിൽ 26 കോടി രൂപ ഉപയോഗിച്ചാണ് തേജസ്വി സ്ഥാപിച്ചിരിക്കുന്നത്. കിഫ്ബിയുടെ സഹായത്തോടെ 118 കോടിരൂപയാണ് അതിനൂതന ഗവേഷണ ഉപകരണങ്ങൾ വാങ്ങുവാൻ ഉപയോഗിച്ചത്. അത്തരം ഉപകരണങ്ങളും അതോടൊപ്പം സർവകലാശാലയിലെ വിവിധ വകുപ്പുകളിൽ ലഭ്യമായതും ഉപയോഗത്തിലുള്ളതുമായ ആധുനിക ഗവേഷണ ഉപകരണങ്ങളും ഏകോപിപ്പിച്ച് കുസാറ്റ് അനലിറ്റിക്കൽ ഇൻസ്ട്രുമെൻറ്സ് ഫെസിലിറ്റി എന്ന ഏകീകൃത സംവിധാനം ഒരുക്കിയിരിക്കുകയാണ്. അധ്യാപകർക്കും, ഗവേഷകർക്കും, പൊതു ജനങ്ങൾക്കും, ഒരേ പ്ലാറ്റ്ഫോമിലൂടെ ഗവേഷണ ഉപകരണങ്ങളുടെ ഉപയോഗം ലഭ്യമാക്കാനും, സാമ്പിളുകളുടെ പരിശോധനക്കായി അയക്കാനും, ഉപയോഗ സാധ്യത നിശ്ചയിക്കാനും, ബുക്കിംഗുകൾ സമർപ്പിക്കാനും, പണമടയ്ക്കാനുംസൗകര്യമൊരുക്കുന്ന ഒരു ഡിജിറ്റൽ സംവിധാനം കൂടി മികവാർന്ന രീതിയിൽ ഇവിടെ സ്ഥാപിതമാകുകയാണ്. ആകെ 206 ഉപകരണങ്ങൾ ലഭ്യമാണ്. ഫീൽഡ് എമിഷൻ സ്കാനിങ് ഇലക്ട്രോൺ മൈക്രോസ്കോപ്പ് , എക്സ്റേ ഡിഫ്രാക്ടോമീറ്റർ , കോൺഫോകൽ ലേസർ സ്കാനിങ് മൈക്രോസ്കോപ്പ്, ലിക്വിഡ് ക്രോമാറ്റോഗ്രാഫി ഹൈറെസല്യൂഷൻ മാസ് സ്പെക്ട്രോമെട്രി , ഡി.എൻ.എ. സാങർ സീക്വൻസിങ് സംവിധാനം, ആറ്റോമിക് ഫോഴ്സ് മൈക്രോസ്കോപ്പ് , രാമൻ സ്പെക്ട്രോസ്കോപ്പി, സർഫസ് ഏരിയ അനലൈസർ, ഐസിപിഎംഎസ് ഐസി എന്നിവയാണ് പ്രധാന ഉപകരണങ്ങൾ.

# കൊച്ചി അന്താരാഷ്ട്ര പുസ്തകോൽസവം നവംബർ ഒന്നു മുതൽ

**കൊച്ചി:** ഇരുപത്തിയെട്ടാമത് കൊച്ചി അന്താരാഷ്ട്ര പുസ്തകോത്സവം നവംബർ ഒന്നു മുതൽ കൊച്ചിയിൽ ആരംഭിക്കും.

രാവിലെ 11 ന് നടക്കുന്ന ചടങ്ങിൽ ഉത്തരപ്രദേശ് ഗവർണർ ആനന്ദി ബെൻ പട്ടേൽ പുസ്കോൽസവം ഉദ്ഘാടനം ചെയ്യും. പുസ്തകോത്സവസമിതി ചെയർമാൻ പ്രഫ. കെ. വി. തോമസ് അധ്യക്ഷത വഹിക്കുന്ന ചടങ്ങിൽ ബംഗാൾ ഗവർണർ ഡോ. സി. വി. ആനന്ദബോസ്, മുൻ കേന്ദ്രമന്ത്രി എം. ജെ. അക്ബർ, പ്രതിപക്ഷ നേതാവ് വി. ഡി. സതീശൻ, കൊച്ചി മേയർ എം. അനിൽകുമാർ, കെ. എൽ. മോഹനവർമ്മ, ഫ്രഞ്ച് സാഹിത്യകാരി ക്ലാരെ ലെ മൈക്കൾ, ഇ. എം ഹരിദാസ്, പി. സോമനാഥൻ എന്നിവർ പങ്കെടുക്കും.

ഈ വർഷത്തെ പുസ്തകോത്സവത്തിൽ ഹാർപ്പർ കോളിൻസ്, പെൻഗ്വിൻ റാൻഡം ഹൗസ്, പെഗാസസ്, പാൻ മാക്മില്ലൻ ഇന്ത്യ, ബുക് വേർഡ് പബ്ലിക്കേഷൻസ്, പ്രകാശ് ബുക്സ് ഇന്ത്യ, എൻ. ബി. ടി. ഇന്ത്യ, കേന്ദ്ര സാഹിത്യ അക്കാദമി, മോത്തിലാൽ ബനാർസി ദാസ്, കൃഷ്ണമൂർത്തി ഫൗണ്ടേഷൻ, ഡി.സി.ബുക്സ്, മാതൃഭൂമി ബുക്സ്, മനോരമ ബുക്സ്, കേരള ഭാഷ ഇൻസ്റ്റിറ്റ്യൂട്ട്, എൻ. ബി. എസ്., കേരള സാഹിത്യ അക്കാദമി, ഐ. പി. എച്ച്, പ്രഭാത് ബുക്സ്, കുരുക്ഷേത്ര ബുക്സ്, ബാലസാഹിത്യ പ്രസാധകരായ അമർചിത്രകഥ, ഡൽഹി നെഹ്റു പുസ്തകാലയ തുടങ്ങി ഇരുന്നൂറിലധികം പുസ്തക പ്രസാധകർ പങ്കെടുക്കും.

നവംബർ പത്തിന് രാവിലെ 10.30 ന് മാടമ്പു കുഞ്ഞുകൂട്ടൻ പുരസ്കാരസഭയും മലയാള സാഹിത്യകാര സംഗമവും നടക്കും. ഉച്ചയ്ക്ക് രണ്ടിന് ബഹുഭാഷാ സംഗമവും 3.30 നു ഡോ. ഗോപിനാഥ് പനങ്ങാടിന്റെ നേതൃത്വത്തിൽ വിവിധ ഹാസ്യസാഹിത്യകാരന്മാർ പങ്കെടുക്കുന്ന 'ചിരിച്ചു പിരിയാം' എന്ന പരിപാടിയോടെ പുസ്തകോത്സവം സമാപിക്കും.

# മംഗല്യ സമുന്നതി പദ്ധതിയിലേക്ക് അപേക്ഷ ക്ഷണിച്ചു

**തിരുവനന്തപുരം:** കേരളത്തിലെ മുന്നാക്ക സമുദായങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന കുടുംബങ്ങളിൽ നിന്നും 2025 ജനുവരി 1നും ഒക്ടോബർ 31നുമിടയിൽ വിവാഹിതരായ പെൺകുട്ടികളുടെ മാതാപിതാക്കൾക്ക് വിവാഹ ധനസഹായം അനുവദിക്കുന്ന 'മംഗല്യ സമുന്നതി' പദ്ധതിയിലേക്ക് അപേക്ഷ ക്ഷണിച്ചു.

ഒരു ലക്ഷം രൂപ വരെ കുടുംബ വാർഷിക വരുമാനമുള്ള മുൻഗണന എ.എ.വൈ, മുൻഗണന വിഭാഗങ്ങളിൽ ഉൾപ്പെടുന്നവർക്ക് അപേക്ഷിക്കാം.

ലഭ്യമാകുന്ന അപേക്ഷകളിൽ നിന്നും ഏറ്റവും കുറഞ്ഞ വരുമാനമുള്ളവരിൽ യോഗ്യത കൈവരിക്കുന്നവർക്ക് സർക്കാരിൽ നിന്നും ലഭിക്കുന്ന ഫണ്ടിന് ആനുപാതികമായി ധനസഹായം അനുവദിക്കും. അപേക്ഷകൾ നവംബർ 1 മുതൽ 19 നകം സമർപ്പിക്കണം.

അപേക്ഷാഫോമിനും വിശദവിവരങ്ങൾക്കും കോർപ്പറേഷൻ മുഖാന്തിരം നടപ്പിലാക്കുന്ന മറ്റ് പദ്ധതികളുടെ വിശദാംശങ്ങൾക്കും www.kswcfc.org സന്ദർശിക്കുക.

# ശുചിത്വ മിഷനിൽ ടെക്നിക്കൽ അസിസ്റ്റന്റ്

**തിരുവനന്തപുരം:** തദ്ദേശസ്വയംഭരണ വകുപ്പിന്റെ കീഴിലുള്ള ശുചിത്വ മിഷനിൽ തദ്ദേശ സ്ഥാപനങ്ങളുടെ വാർഡ്തല സ്ഥലമാനമാപ്പുകൾ തയ്യാറാക്കുന്നതിന് ഒരു ടെക്നിക്കൽ അസിസ്റ്റന്റിനെ ദിവസവേതനാടിസ്ഥാനത്തിൽ നിയമിക്കുന്നു. ബി.ടെക്. (സിവിൽ) അടിസ്ഥാന യോഗ്യത ഉണ്ടായിരിക്കണം. AutoCAD/QGIS എന്നിവയിൽ പ്രവർത്തി പരിചയം അഭികാമ്യം.

പ്രായപരിധി 35 വയസ്. താൽപ്പര്യമുള്ള ഉദ്യോഗാർഥികൾ യോഗ്യത തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റ്, എക്സ്പീരിയൻസ് സർട്ടിഫിക്കറ്റ്, വയസ് തെളിയിക്കുന്നതിനുള്ള രേഖ എന്നിവ സഹിതം നവംബർ 3 രാവിലെ 9.45ന് തിരുവനന്തപുരം മ്യൂസിയത്തിന് എതിർവശത്തെ പബ്ലിക് ഓഫീസ് കോമ്പൗണ്ടിലെ ലാൻഡ് റവന്യൂ കമ്മീഷണർ ഓഫീസ് സമുച്ചയത്തിന്റെ നാലാം നിലയിൽ പ്രവർത്തിക്കുന്ന സ്റ്റേറ്റ് ശുചിത്വ മിഷൻ ഓഫീസിൽ നേരിട്ട് ഹാജരാകണം. വിശദവിവരങ്ങൾക്ക്: www.suchitwamission.org.

# നാലുചിറപ്പാലം സംസ്ഥാനത്തിന് അഭിമാനം: മുഖ്യമന്ത്രി പിണറായി വിജയൻ

**ആലപ്പുഴ:** നൂതന സാങ്കേതികവിദ്യ ഉപയോഗിച്ച് നിർമ്മിച്ച തോട്ടപ്പള്ളി നാലുചിറപ്പാലം സംസ്ഥാനത്തിന്റെ അഭിമാനപദ്ധതിയാണെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. കേരളത്തിലെ ആദ്യത്തെ എക്സ്ട്രാഡോസ്ഡ് കേബിൾ സ്റ്റേ പാലമായ തോട്ടപ്പള്ളി നാലുചിറപ്പാലം ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു മുഖ്യമന്ത്രി.

ഈ നാടിന്റെ ചിരകാല സ്വപ്നമാണ് യാഥാർത്ഥ്യമായിരിക്കുന്നത്. 60 കോടി 73 ലക്ഷം രൂപ ചെലവിട്ടാണ് പാലം പൂർത്തിയാക്കിയത്. സംസ്ഥാനത്തെ ആദ്യ എക്സ്ട്രാഡോസ്ഡ് കേബിൾ സ്റ്റേ പാലം എന്ന പ്രത്യേകത ഈ പാലത്തിനുണ്ട്. പ്രത്യേക തരം കമ്പികൾ ഉപയോഗിച്ച് പാലം വലിച്ചുകെട്ടുന്ന രീതിയാണ് കേബിൾ സ്റ്റേ ഡിസൈൻ. യാത്രയ്ക്ക് കടത്തുവള്ളത്തെ ആയിച്ചിരുന്ന നാലുചിറക്കാർക്ക് വലിയ ആശ്വാസമായിരിക്കുകയാണ് പാലം. നഗരത്തിലേക്കും ദേശീയപാതയിലേക്കുള്ള യാത്രാസമയം ഇതോടെ 15 മിനുട്ടായിക്കുറഞ്ഞിരിക്കുകയാണ്. പക്ഷിച്ചിറകിന്റെ ആകൃതിയിലുള്ള ഈ മനോഹരമായ പാലം സഞ്ചാരികളെക്കൂടി ആകർഷിക്കുന്നതാണെന്നും മുഖ്യമന്ത്രി പറഞ്ഞു.

പാലത്തിന് സമീപം ഒരുക്കിയ വേദിയിൽ നടന്ന ചടങ്ങിൽ ഫിഷറീസ്, സാംസ്കാരിക വകുപ്പ് മന്ത്രി സജി ചെറിയാൻ അധ്യക്ഷത വഹിച്ചു.

ദേശീയ ജലപാതയിൽ ലീഡിങ് ചാനലിന് കുറുകെ കൊട്ടാരവളവ് കടത്തിന് സമീപം ദേശീയ ജലപാത മാനദണ്ഡങ്ങൾ പാലിച്ചാണ് പാലം നിർമ്മിച്ചിരിക്കുന്നത്. ജലഗതാഗതം തടസ്സപ്പെടാതിരിക്കാനായി 70 മീറ്ററുള്ള സെന്റർ സ്പാനാണ് ദേശീയ ജലപാതയ്ക്ക് കുറുകെ തൂണുകളില്ലാതെ മധ്യത്തിൽ ഒരുക്കിയിരിക്കുന്നത്. 458 മീറ്ററാണ് പാലത്തിന്റെ ആകെ നീളം. ഇരുവശത്തും 1.5 മീറ്റർ വീതിയുള്ള നടപ്പാതയുമുണ്ട്.

ദേശീയപാത 66 നെയും അമ്പലപ്പുഴ തിരുവല്ല സംസ്ഥാനപാതയെയും ബന്ധിപ്പിക്കുന്ന പാലം കരുമാടിയിൽ നിന്ന് തോട്ടപ്പള്ളി കൊട്ടാരവളവ് വരെ ദേശീയപാതയ്ക്ക് സമാന്തരപാതയായി മാറും. കാഴ്ച്ചകൾ കാണുന്നതിന് നടപ്പാതയോട് ചേർത്ത് മധ്യഭാഗത്ത് വിപുലീകരിച്ചിട്ടുള്ള പ്രത്യേക ഭാഗം പാലത്തിന്റെ പ്രധാന ആകർഷണമാണ്. തോട്ടപ്പള്ളി നാലുചിറ, ഇല്ലിച്ചിറ നിവാസികൾക്കും കാർഷിക മേഖലയ്ക്കും ജില്ലയുടെ ഗതാഗത രംഗത്തിനൊപ്പം വിനോദസഞ്ചാര മേഖലക്കും പാലം വലിയ മുതൽക്കൂട്ടാകും. എച്ച് സലാം എംഎൽഎ, ജില്ലാ കളക്ടർ അലക്സ് വർഗീസ്, അമ്പലപ്പുഴ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ഷീബ രാകേഷ്, ബ്ലോക്ക് പഞ്ചായത്തംഗം ആർ രാജി, പുറക്കാട് പഞ്ചായത്ത് പ്രസിഡന്റ് എ എസ് സുദർശനൻ, വൈസ് പ്രസിഡന്റ് വി എസ് മായാദേവി, പഞ്ചായത്ത് സ്ഥിരം സമിതി അധ്യക്ഷരായ വി എസ് ജിനുരാജ്, കെ രാജീവൻ, പ്രിയ അജേഷ്, കെ ആർ എഫ് ബി പ്രൊജക്റ്റ് ഡയറക്ടർ എം അശോക് കുമാർ, കെ ആർ എഫ് ബി പി എം യു സൗത്ത് സർക്കിൾ ടീം ലീഡർ പി ആർ മഞ്ജുഷ, ജനപ്രതിനിധികൾ, രാഷ്ട്രീയപാർട്ടി പ്രതിനിധികൾ, മറ്റ് ഉദ്യോഗസ്ഥർ എന്നിവർ പങ്കെടുത്തു.



# സി.എ വിദ്യാർഥികളുടെ ദേശീയ സമ്മേളനം നവംബർ 1, 2 തിയ്യതികളിൽ എറണാകുളത്ത്

**കൊച്ചി:** ദി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ചാർട്ടേഡ് അക്കൗണ്ടന്റ്സ് ഓഫ് ഇന്ത്യയുടെ (ഐ.സി.എ.ഐ) ബോർഡ് ഓഫ് സ്റ്റഡീസ് സംഘടിപ്പിക്കുന്ന രണ്ടുദിവസത്തെ സി.എ വിദ്യാർഥികളുടെ ദേശീയ സമ്മേളനം നവംബർ 1, 2 തിയ്യതികളിൽ ഗോകുലം കൺവെൻഷൻ സെന്ററിൽ നടക്കും. നവംബർ ഒന്ന് ഉച്ചയ്ക്ക് ഒരു മണിക്ക് പശ്ചിമ ബംഗാൾ ഗവർണർ ഡോ. സി വി ആനന്ദബോസ് സമ്മേളനം ഉദ്ഘാടനം ചെയ്യും. കേരള ഹൈക്കോടതി ജഡ്ജി ജസ്റ്റിസ് ദേവൻ രാമചന്ദ്രൻ, ഐ.സി.എ.ഐ പ്രസിഡന്റ് ചരൺജോത് സിംഗ് നന്ദ, ബോർഡ് ഓഫ് സ്റ്റഡീസ് ചെയർമാൻ ഡോ. രോഹിത് റുവാതിയ, വൈസ് ചെയർമാൻ സഞ്ജിബ് സാങ്ഗി എന്നിവർ പങ്കെടുക്കും. ഐ.സി.എ.ഐയുടെ എറണാകുളം ബ്രാഞ്ചും സ്റ്റുഡന്റ്സ് അസോസിയേഷൻ (സികാസ) എറണാകുളം ബ്രാഞ്ചും സംയുക്തമായാണ് സമ്മേളനം സംഘടിപ്പിക്കുന്നത്. ആദ്യ ദിവസം രണ്ട് സാങ്കേതിക സെഷനുകളും രണ്ട് മോട്ടിവേഷനൽ സെഷനുകളും നടക്കും. ഈ സെഷനുകളിൽ ബൻവർ ബോറാന (മുംബൈ), ആകാശ് കണ്ടോയ് (മുംബൈ), ലിജിൽ ലക്ഷ്മൺ (എറണാകുളം), വിവേക് കൃഷ്ണ ഗോവിന്ദ് (എറണാകുളം), ഹിമാംഷു ശ്രീവാസ്തവ (എൻ എസ് സി) എന്നിവർ പ്രബന്ധങ്ങൾ അവതരിപ്പിക്കും. രണ്ടാം ദിനം നാല് മോട്ടിവേഷനൽ/ വിശേഷ സെഷനുകളും രണ്ട് സാങ്കേതിക സെഷനുകളും നടക്കും. ഫെഡറൽ ബാങ്ക് മുൻ എക്സിക്യൂട്ടീവ് ഡയറക്ടർ ശാലിനി വാരിയർ, ശുഭം സിംഗാൾ (മുംബൈ), നപ്പിനൈ രാഘവൻ (ബെംഗളൂരു), ഗോപാൽ കൃഷ്ണ രാജു (ചെന്നൈ), ശ്രീനിവാസൻ പി ആർ (എറണാകുളം), അഖിലേന്ത്യാ തലത്തിൽ റാങ്ക് നേടിയ സഹോദരങ്ങളായ നന്ദിനി അഗ്രവാൾ, സച്ചിൻ അഗ്രവാൾ (മുംബൈ) എന്നിവർ പ്രഭാഷണങ്ങൾ നടത്തും. രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്ന് തെരഞ്ഞെടുത്ത 12 വിദ്യാർഥികൾക്ക് സാങ്കേതിക സെഷനുകളിൽ പ്രബന്ധങ്ങൾ അവതരിപ്പിക്കാനുള്ള അവസരം ലഭിക്കും.

വൈകീട്ട് സമാപന സമ്മേളനത്തോടനുബന്ധിച്ച് വിദ്യാർഥികളവതരിപ്പിക്കുന്ന കല സാംസ്കാരിക പരിപാടികൾ അരങ്ങേറും. രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നായി 1500ലധികം സി എ വിദ്യാർഥികൾ പങ്കെടുക്കുമെന്ന് കോൺഫറൻസ് ഡയറക്ടറും സെൻട്രൽ കൗൺസിൽ അംഗവുമായ ബാബു അബ്രഹാം കള്ളിവയലിൽ, എസ് ഐ ആർ സി സെക്രട്ടറി ദീപ വർഗീസ്, എറണാകുളം ബ്രാഞ്ച് ചെയർമാൻ ആനന്ദ് എ എസ്, സികാസ എറണാകുളം ബ്രാഞ്ച് ചെയർമാൻ ജോളി സ്റ്റീഫൻ, സെക്രട്ടറി വിവേക് എബ്രഹാം ജേക്കബ് എന്നിവർ അറിയിച്ചു.



# മെഗാ ക്ലീൻഅപ്പ് ഡ്രൈവ് നടത്തി

**കൊച്ചി:** സെന്റ് ആൽബർട്ട്സ് കോളേജും കൊച്ചി മുനിസിപ്പൽ കോർപറേഷനും ചേർന്ന് മെഗാ ക്ലീൻഅപ്പ്ഡ്രൈവും അവബോധ സൈക്കിൾ റാലിയും നടത്തി. എറണാകുളം വഞ്ചി സ്ക്വയറിൽ നടന്ന ചടങ്ങിൽ ടി. ജെ വിനോദ് എംഎൽഎ ഫ്ളാഗ് ഓഫ് ചെയ്തു. സീനിയർ ഹെൽത്ത് ഇൻസ്പെക്ടർ ബി. അരുൺ മാലിന്യമുക്ത സമൂഹനിർമാണത്തിന് വേണ്ടിയുള്ള പ്രതിജ്ഞ ചൊല്ലിക്കൊടുത്തു. വിദ്യാർത്ഥികളും അധ്യാപകരും മറ്റു അംഗങ്ങളും ചേർന്ന് എറണാകുളം ബാനർജി റോഡ് ശുചീകരിച്ചു.. കൊച്ചി കോർപറേഷൻ കൗൺസിലർ മനു ജേക്കബ് , സെന്റ് ആൽബർട്ട്സ് കോളേജ് ചെയർമാൻ ഡോ. ആന്റണി തോപ്പിൽ, പ്രിൻസിപ്പാൾ പ്രൊഫ. ഡോ. ജോസഫ് ജസ്റ്റിൻ റിബല്ലോ, റെജിസ്ട്രാർ റവ. ഫാ. ഷൈൻ പോളി കളത്തിൽ എന്നിവർ പങ്കെടുത്തു.

# സപ്ലൈക്കോയുടെ ആറ് പെട്രോൾ പമ്പുകൾ കൂടി തുടങ്ങും: മന്ത്രി ജി. ആർ അനിൽ

**കൊല്ലം:** സപ്ലൈക്കോയുടെ ആറ് പമ്പുകൾ കൂടി ഈ സാമ്പത്തികവർഷം തുടങ്ങുമെന്ന് ഭക്ഷ്യ, പൊതുവിതരണ, ഉപഭോക്തൃകാര്യ, ലീഗൽ മെട്രോളജി വകുപ്പ് മന്ത്രി ജി.ആർ അനിൽ. സപ്ലൈക്കോയുടെ പതിനാലാമത് പെട്രോൾ പമ്പിന്റെ ശിലാസ്ഥാപനം കന്റോൺമെന്റ് സിവിൽ സപ്ലൈസ് കോംപ്ലക്സിൽ നിർവഹിക്കുകയായിരുന്നു അദ്ദേഹം.

ജനജീവിതത്തിന്റെ എല്ലാമേഖലകളിലും ആശ്വാസംപകരുന്ന പദ്ധതികളാണ് സപ്ലൈകോയുടെ നേതൃത്വത്തിൽ രൂപകൽപ്പന ചെയ്തിരിക്കുന്നത്. പെട്രോൾ പമ്പുകൾക്ക് പുറമേ പാചകവാതകം, മരുന്നുകൾ, നിത്യോപയോഗസാധനങ്ങൾ തുടങ്ങിയവ ന്യായവിലയ്ക്ക് ലഭ്യമാക്കുന്നു. നവംബർ ഒന്ന് മുതൽ സപ്ലൈകോ ഔട്ട്ലെറ്റുകളിൽ സ്ത്രീകൾക്ക് സബ്സിഡിഇതരഉൽപ്പന്നങ്ങൾ 10 ശതമാനം വിലകുറവിൽ വാങ്ങാം. ഔട്ട്ലെറ്റുകളിൽ പ്രതിമാസം 25 രൂപയ്ക്ക് 20 കിലോ അരി ഓരോ കാർഡിനും ലഭ്യമാക്കും.

ഔട്ട്ലെറ്റുകൾ ഇല്ലാത്തയിടങ്ങളിൽ സഞ്ചരിക്കുന്ന മാവേലി സ്റ്റോറുകൾ വിപുലീകരിച്ച് നവംബർ ഒന്ന് മുതൽ സഞ്ചരിക്കുന്ന സൂപ്പർ സ്റ്റോറുകളായി പ്രവർത്തിക്കും. സപ്ലൈകോയുടെ പെട്രോൾ പമ്പുകളുടെ എണ്ണം വർധിപ്പിക്കുന്നതും ആലോചനയിലുണ്ട്. ഇന്ധനലഭ്യത ഉറപ്പാക്കി ആധുനികസൗകര്യങ്ങൾ ഒരുക്കുമെന്നും മന്ത്രി വ്യക്തമാക്കി.

എം നൗഷാദ് എം.എൽ.എ അധ്യക്ഷനായി. എൻ.കെ.പ്രേമചന്ദ്രൻ എം.പി, മേയർ ഹണി എന്നിവർ മുഖ്യാതിഥികളായി. സംസ്ഥാന ഐ.ഒ.സി.എൽ റീട്ടെയിൽ സെയിൽസ് ജനറൽ മാനേജർ ഗൗരവ് കുന്ദ്ര റിപ്പോർട്ട് അവതരിപ്പിച്ചു. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ഡോ. പി. കെ ഗോപൻ, സംസ്ഥാന ഐ.ഒ.സി.എൽ ചീഫ് ജനറൽ മാനേജറും സംസ്ഥാന മേധാവിയുമായി ഗീഥിക മെഹ്റ, ഡെപ്യൂട്ടി കൺട്രോളർ ഓഫ് റേഷനിംഗ് സി.വി മോഹനൻ കുമാർ, ജില്ലാ സപ്ലൈ ഓഫീസർ ജി.എസ് ഗോപകുമാർ, തിരുവനന്തപുരം സപ്ലൈക്കോ റീജിയണൽ മാനേജർ എസ്.ആർ സ്മിത, രാഷ്ട്രീയകക്ഷി പ്രതിനിധികൾ തുടങ്ങിയവർ പങ്കെടുത്തു.

# ടെക്നിക്കൽ അസിസ്റ്റന്റ് നിയമനം

**കൊച്ചി:** തദ്ദേശസ്വയംഭരണ വകുപ്പിന് കീഴിലുള്ള ശുചിത്വ മിഷനിൽ തദ്ദേശ സ്ഥാപനങ്ങളുടെ വാർഡ് തല സ്ഥലമാന മാപ്പുകൾ തയ്യാറാക്കുന്നതിന് ടെക്നിക്കൽ അസിസ്റ്റന്റിനെ ദിവനവേതനാടിസ്ഥാനത്തിൽ നിയമിക്കുന്നു.

ബി ടെക്കും ഓട്ടോ കാഡ് അല്ലെങ്കിൽ ക്യൂ.ജി.ഐ.എസ് എന്നിവയിലുള്ള പ്രവർത്തി പരിചയവുമാണ് അടിസ്ഥാന യോഗ്യത. പ്രായപരിധി 35 വയസ്സ്.

താത്പര്യമുള്ള ഉദ്യോഗാർത്ഥികൾ യോഗ്യത, എക്സ്പീരിയൻസ്, വയസ്സ് എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകൾ സഹിതം നവംബർ 3ന് രാവിലെ 9.45ന് തിരുവനന്തപുരം പബ്ലിക് ഓഫീസിലുള്ള സ്റ്റേറ്റ് ശുചിത്വ മിഷൻ ഓഫീസിൽ നേരിട്ട് ഹാജരാകണം. വിശദവിവരങ്ങൾ www.suchitwamission.org എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.

# വിദ്യാഭ്യാസ ടൂറിസം; നവീന സാധ്യതകൾ മുന്നോട്ടുവച്ച് കേരളത്തിന്റെ മുസിരിസ് പദ്ധതി

**കൊച്ചി:** ഇന്ത്യയിലും വിദേശത്തുമുള്ള അക്കാദമിക, സാംസ്കാരിക സ്ഥാപനങ്ങളുമായുള്ള സഹകരണത്തിലൂടെ വിദ്യാഭ്യാസ ടൂറിസത്തിന്റെ നവീന സാധ്യതകൾ മുന്നോട്ടുവച്ച് കേരളത്തിന്റെ മുസിരിസ് പദ്ധതി. മുസിരിസിനെക്കുറിച്ചുള്ള കേരള ടൂറിസത്തിന്റെ പദ്ധതി രാജ്യത്തെ വിനോദസഞ്ചാര മേഖലയിൽ പുതിയ നാഴികക്കല്ലാണ്. കേന്ദ്രസംസ്ഥാന സർക്കാരുകളുടെയും യുനെസ്കോയുടെയും പിന്തുണയോടെ ഇന്ത്യയിലെ ഏറ്റവും വലിയ പൈതൃക സംരക്ഷണ സംരംഭങ്ങളിലൊന്നായി കണക്കാക്കപ്പെടുന്ന മുസിരിസ് പൈതൃക പദ്ധതി ഹ്രസ്വകാല കോഴ്സുകൾ ആരംഭിക്കുന്നതിനായി ശ്രീനാരായണ ഗുരു ഓപ്പൺ യൂണിവേഴ്സിറ്റിയുമായി ധാരണാപത്രം ഒപ്പുവച്ചു.

മഹാത്മാഗാന്ധി സർവകലാശാലയുമായുള്ള മറ്റൊരു ധാരണാപത്രം അവസാന ഘട്ടത്തിലാണ്. പൈതൃക വ്യാഖ്യാനം, മ്യൂസിയം മാനേജ്മെന്റ്, കല, സാമൂഹികാധിഷ്ഠിത ടൂറിസം, സുസ്ഥിരത, പൈതൃക പഠനങ്ങൾ എന്നിവയിലെ പ്രത്യേക പദ്ധതികൾക്ക് ധാരണാപത്രം വഴിയൊരുക്കും.പദ്ധതിയിലൂടെ അന്താരാഷ്ട്ര സർവകലാശാലകളുമായും സാംസ്കാരിക സ്ഥാപനങ്ങളുമായും സഹകരിക്കാനുള്ള ശ്രമങ്ങളും പുരോഗമിക്കുന്നു. ഗവേഷണ അവസരങ്ങൾ സുഗമമാക്കാനും ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളിൽ നിന്നും വിദേശങ്ങളിൽ നിന്നുമുള്ള വിദ്യാർത്ഥികളെ ആകർഷിക്കാനും പദ്ധതി ലക്ഷ്യമിടുന്നു.

ജനുവരിയിൽ നടക്കാനിരിക്കുന്ന ഇന്റർനാഷണൽ സ്പൈസ് റൂട്ട് ഹെറിറ്റേജ് സിമ്പോസിയമാണ് ഇതിലെ മറ്റൊരു പ്രധാന പരിപാടി. പുരാതന സമുദ്ര സുഗന്ധവ്യഞ്ജന ശൃംഖലയിൽ മുസിരിസിന്റെ നിർണായക പങ്കിനെക്കുറിച്ച് ആഗോളതലത്തിൽ ശ്രദ്ധ പതിപ്പിക്കാൻ ഇതിലൂടെ സാധിക്കുമെന്ന് ടൂറിസം മന്ത്രി പി.എ മുഹമ്മദ് റിയാസ് പറഞ്ഞു.

മുസിരിസ് ഹെറിറ്റേജ് പദ്ധതിക്ക് കീഴിൽ പൈതൃക കെട്ടിട പുനരുദ്ധാരണം മുതൽ ആധുനിക അടിസ്ഥാനസൗകര്യ വികസനം വരെയുള്ള 108 പദ്ധതികൾ ഇതിനകം പൂർത്തിയായി. മുസിരിസിനെ ലോകമെമ്പാടുമുള്ള നാഗരികതകളുമായി ബന്ധിപ്പിക്കുന്ന ശ്രദ്ധേയമായ തെളിവുകൾ ഖനനത്തിലൂടെ കണ്ടെത്തിയിട്ടുണ്ട്. സ്കൂൾ, കോളേജ് വിദ്യാർത്ഥികൾ, വാസ്തുവിദ്യാ പ്രൊഫഷണലുകൾ, ഗവേഷണ പണ്ഡിതന്മാർ, ചരിത്ര പഠിതാക്കൾ എന്നിവർക്കായുള്ള പരിപാടികളും തയ്യാറാക്കി. കേരളത്തിലെ പുരാതന വ്യവസായങ്ങൾ, ചുമർ ചിത്രകല, കരകൗശല വിദഗ്ധരുടെ വാസ്തുവിദ്യാ ജ്ഞാനം, തലമുറകളായി കൈമാറ്റം ചെയ്യപ്പെട്ട പാചക കാർഷിക അറിവുകൾ എന്നിവയിലേക്കുള്ള ആഴത്തിലുള്ള പ്രവേശനം ഇത് സാധ്യമാക്കുന്നു. ഒരു ദിവസം മുതൽ പത്ത് ദിവസം വരെ നീണ്ടുനിൽക്കുന്ന ഫാം ടൂറുകൾ, ബോട്ടിംഗ്, ഹെറിറ്റേജ് വാക്ക്, വർക്ക്ഷോപ്പുകൾ, പുരാവസ്തുശാസ്ത്രത്തിലെയും കലകളിലെയും വിദഗ്ധ സെഷനുകൾ എന്നിവയിൽ പങ്കെടുക്കാൻ പദ്ധതിയിലൂടെ അവസരമുണ്ടാകും. ഇന്റേൺഷിപ്പ് പ്രോഗ്രാമുകളിൽ ചേരുന്നവർക്ക് ഔദ്യോഗിക മുസിരിസ് പ്രോജക്ട് സർട്ടിഫിക്കറ്റുകൾ ലഭിക്കും. ഇത് അവരുടെ പഠനത്തിന് അക്കാദമിക് മൂല്യം വർധിപ്പിക്കാൻ ഉപകരിക്കും.

മുസിരിസ് പദ്ധതി പൈതൃക സംരക്ഷണം മാത്രമല്ല ലക്ഷ്യമിടുന്നതെന്നും സർഗാത്മകതയുടെയും കലയുടെയും സാംസ്കാരിക പഠനത്തിലെ മികവിന്റെയും കേന്ദ്രമാക്കി മുസിരിസിനെ മാറ്റുക എന്നതു കൂടിയാണെന്ന് മന്ത്രി പി.എ മുഹമ്മദ് റിയാസ് പറഞ്ഞു.

വിപുലമായ ഹെറിറ്റേജ് ഇടനാഴികളിലൂടെ പൈതൃക സംരക്ഷണത്തിന്റെ പുതിയ മാതൃകകൾ തീർക്കാനാണ് സർക്കാർ ശ്രമിക്കുന്നതെന്നും റിയാസ് കൂട്ടിച്ചേർത്തു.

# കെ.എം.എ ഡിജിറ്റൽ സമ്മിറ്റ് 30ന്


**കൊച്ചി:** കേരള മാനേജ്മെന്റ് അസോസിയേഷൻ (കെ.എം.എ) സംഘടിപ്പിക്കുന്ന എട്ടാമത് കെ.എം.എ ഡിജിറ്റൽ സമ്മിറ്റ് ഒക്ടോബർ 30ന് സ്മാർട്ട് സിറ്റിയിലെ ലുലു ടിൻ ടവേഴ്സിൽ നടക്കും. പുനർവിചിന്തന പ്രവർത്തനം: ഓട്ടോമേഷൻ മുതൽ ഓഗ്മെന്റേഷൻ വരെ' എന്ന പ്രമേയത്തിലാണ് ഈ വർഷത്തെ ഡിജിറ്റൽ ഉച്ചകോടി സംഘടിപ്പിക്കുന്നത്. സാങ്കേതികവിദ്യയും മനുഷ്യ ബുദ്ധിയും ചേർന്ന് എങ്ങനെ ആധുനിക തൊഴിൽ ലോകത്തെ ഉത്പാദനക്ഷമത, സൃഷ്ടിശേഷി, വളർച്ച എന്നിവയിലൂടെ പുനർനിർവചിക്കുന്നു എന്നാണ് ഉച്ചകോടി അന്വേഷിക്കുന്നത്.

സമ്മിറ്റ് കേരള സർക്കാരിന്റെ ഇലക്ട്രോണിക്സ് ആന്റ് ഐ ടി സെക്രട്ടറി എസ് സാംബശിവറാവു ഉദ്ഘാടനം ചെയ്യും. ഉദ്ഘാടന സെഷനിൽ ഗൂഗിൾ ക്ലൗഡ് ഇന്ത്യ ആന്റ് സാർക്ക് മേഖലകളിലെ എമർജിംഗ് ആന്റ് സ്ട്രാറ്റജിക് പാർട്ണർഷിപ്സ് ഗ്രോത്ത് ലീഡറായ സത്യേന്ദ്ര ഖാരെ മുഖ്യപ്രഭാഷണം നിർവഹിക്കും. ഇൻഫോപാർക്ക് സി.ഇ.ഒ സുശാന്ത് കുറുന്തിൽ, മൈക്രോസോഫ്റ്റ് ബി.എഫ്.എസ്.ഐ.സി.ടി.ഒയും കസ്റ്റമർ ടെക്നോളജി സ്ട്രാറ്റജി ഡയറക്ടറുമായ വിജോഷ് അമ്മായത്ത്, ടാറ്റ എൽക്സി സെന്റർ ഹെഡ് വി. ശ്രീകുമാർ , ക്ലേസിസ് ടെക്നോളജീസ് മാനേജിംഗ് ഡയറക്ടർ വിനോദ് തരകൻ, കാനറി ഡിജിറ്റൽ സ്ഥാപകനും സി.ഇ.ഒയുമായ ആർ. മനോജ്കുമാർ എന്നിവർ സംസാരിക്കും.

എ.ഐയും തൊഴിലിടങ്ങളിൽ അവയുടെ സ്വാധീനവും സംബന്ധിച്ച പാനൽ ചർച്ചകളിൽ പ്രശസ്ത ബ്രാൻഡുകളുടെ സി. ഐ.ഒമാർ പങ്കെടുക്കും.രജിസ്ട്രേഷനും കൂടുതൽ വിവരങ്ങൾക്കും 90727 75588 എന്ന നമ്പറിലോ info@kma.org.in എന്ന ഇമെയിൽ വിലാസത്തിലോ ബന്ധപ്പെടാവുന്നതാണ്.

# ടൈഡ് എൻസിഎംസി കാർഡ് അവതരിപ്പിച്ചു

**കൊച്ചി;** ചെറുകിടഇടത്തരം സംരംഭങ്ങൾക്കായുള്ള രാജ്യത്തെ പ്രമുഖ സാമ്പത്തിക മാനേജ്മെന്റ് പ്ലാറ്റ്ഫോമായ ടൈഡ്, റുപേ പവേർഡ് എക്സ്പെൻസ് കാർഡിലേക്ക് നാഷണൽ കോമൺ മൊബിലിറ്റി കാർഡ് (എൻസിഎംസി) ചേർത്തു. ഇതുവഴി ചെറുകിടഇടത്തരം സംരംഭങ്ങളുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നവർക്കും സംരംഭകർക്കും ഫ്രീലാൻസർമാർക്കും ഒരൊറ്റ കാർഡ് ഉപയോഗിച്ച് ടാപ്പ് ചെയ്യാനും യാത്ര ചെയ്യാനും ഇടപാട് നടത്താനും കഴിയുമെന്ന് ടൈഡ് അറിയിച്ചു. ടൈഡ് ആപ്പിൽ ഇൻവോയ്സുകൾ, റീഇംബേഴ്സ്മെന്റുകൾ, ചെലവുകൾ എന്നിവ സുഗമമായി കൈകാര്യം ചെയ്യുമ്പോൾ തന്നെ പ്രധാന ഇന്ത്യൻ നഗരങ്ങളിലെ മെട്രോ, ബസ്, ടോൾ, പാർക്കിംഗ് എന്നിവയ്ക്ക് പണമടയ്ക്കാനും കഴിയും. കേന്ദ്ര ഗവൺമെന്റിന്റെ പിന്തുണയോടെ നടത്തിയ നാഷണൽ കോമൺ മൊബിലിറ്റി കാർഡ് സംയോജനം ഉപയോക്താക്കൾക്ക് ഒരൊറ്റ കാർഡ് ഉപയോഗിച്ച് പൊതുഗതാഗതത്തിനും ബിസിനസ് സംബന്ധമായ യാത്രകൾക്കും പണമടയ്ക്കാൻ സഹായിക്കുന്നു. ഇത് ഒന്നിലധികം യാത്രാ കാർഡുകളുടെയും വിവിധ പേയ്മെന്റ് ആപ്പുകളുടെയും ആവശ്യം ഇല്ലാതാക്കുന്നതായി ടൈഡ് പറയുന്നു. കാർഡ് ഉപയോക്താക്കൾക്ക് തങ്ങളുടെ കാർഡുകൾ തൽക്ഷണം റീചാർജ് ചെയ്യാനും ബാലൻസ് പരിശോധിക്കാനും മറ്റും കഴിയും. ബിസിനസ് ചെലവുകൾ ലളിതമാക്കുക എന്ന ലക്ഷ്യത്തോടെയാണ് എൻസിഎംസി കാർഡ് ചേർത്തതെന്ന് ഇന്ത്യയിലെ ടൈഡിന്റെ ഡെപ്യൂട്ടി കൺട്രി മാനേജർ കുമാർ ശേഖർ പറഞ്ഞു. ഇതുവഴി കാർഡ് ഉപയോക്താക്കൾക്ക് യാത്രകൾ, ടോളുകൾ, പൊതുഗതാഗതം എന്നിവ കൂടുതൽ ലളിതമാകുമെന്നും അദ്ദേഹം പറഞ്ഞു.




# ട്രാവൽ കാ മുഹൂർത് അവതരിപ്പിച്ച് മേക്ക്മൈട്രിപ്പ്

**കൊച്ചി:** ഇന്ത്യയുടെ വർഷാവസാന യാത്രാ ആസൂത്രണ സീസണിന്റെ തുടക്കം കുറിക്കുന്നതിനായി രൂപകൽപ്പന ചെയ്തിരിക്കുന്ന ഒരു പുതിയ കലണ്ടർ നിമിഷമായ 'ട്രാവൽ കാ മുഹൂർത് ആരംഭിക്കുന്നതായി ഇന്ത്യയിലെ മുൻനിര ഓൺലൈൻ യാത്രാ കമ്പനിയായ മേക്ക്മൈട്രിപ്പ് പ്രഖ്യാപിച്ചു. വിമാന യാത്രകളും താമസങ്ങളും മുതൽ അവധിക്കാല പാക്കേജുകൾ, ഉപരിതല ഗതാഗതം, ടൂറുകൾ, ആകർഷണങ്ങൾ, വിസ, വിദേശ നാണ്യം, യാത്രാ ഇൻഷുറൻസ് തുടങ്ങിയ അവശ്യ സേവനങ്ങൾ വരെയുള്ള മുഴുവൻ യാത്രയെയും പിന്തുണക്കുന്ന എല്ലാം ഇതിൽ ഉൾക്കൊള്ളുന്നു. ഇന്ത്യയിലും വിദേശത്തുമുള്ള പ്രമുഖ എയർലൈനുകൾ, ഹോസ്പിറ്റാലിറ്റി ബ്രാൻഡുകൾ, പ്രധാന ബാങ്കിംഗ് പങ്കാളികൾ എന്നിവരെ ഒരുമിച്ച് കൊണ്ടുവന്ന് യാത്രക്കാർക്ക് കൂടുതൽ സഹായകരമാകുകയെന്നതാണ് ഇതിലൂടെ ലക്ഷ്യമിടുന്നതെന്ന് അധികൃതർ വ്യക്തമാക്കി.

# സി. എസ് രാജൻ കൊട്ടക് ബാങ്ക് ചെയർമാനായി തുടരും

**കൊച്ചി:** കൊട്ടക് മഹീന്ദ്ര ബാങ്കിന്റെ ബോർഡിലെ സ്വതന്ത്ര ഡയറക്ടറായ സി.എസ്. രാജനെ 2026 ജനുവരി 1 മുതൽ 2027 ഒക്ടോബർ 21 വരെ പാർട്ട്ടൈം ചെയർമാനായി വീണ്ടും നിയമിക്കുന്നതിന് റിസർവ് ബാങ്ക് ഓഫ് ഇന്ത്യ (ആർബിഐ) അംഗീകാരം നൽകി. രാജൻ 2024 ജനുവരി 1 മുതൽ ചെയർമാനായി പ്രവർത്തിച്ചുവരികയാണ്. 1978ലെ ഐ.എ.എസ്. ബാച്ചിലെ ഉദ്യോഗസ്ഥനായ അദ്ദേഹം, രാജസ്ഥാൻ സർക്കാരിന്റെ ചീഫ് സെക്രട്ടറിയായും പിന്നീട് ഐ.എഫ്.എൽ.എഫ്.എസിൽ ചെയർമാനായും പ്രവർത്തിച്ചിട്ടുണ്ട്. ഊർജ്ജം, ഹൈവേകൾ, ജലവിഭവങ്ങൾ, വ്യവസായം തുടങ്ങിയ പ്രധാന അടിസ്ഥാന സൗകര്യ മേഖലകളിൽ, എസ്എസ്ഐ / എംഎസ്എംഇ ഉൾപ്പെടെ, 12 വർഷത്തെ നേതൃപാടവം ഉണ്ട്. കൃഷി, ഗ്രാമവികസനം എന്നിവയിൽ 14 വർഷത്തെ ദീർഘകാല സേവനവുമുണ്ട്. ഐ.എ.എസ് ഉദ്യോഗസ്ഥനായിരുന്ന വർഷങ്ങളിൽ, മാനവ വിഭവശേഷി, ധനകാര്യം, പൊതുഭരണം എന്നീ മേഖലകളിലും അദ്ദേഹം പരിചയസമ്പന്നനായിരുന്നു.

ബാങ്കിന്റെ വളർച്ചയുടെയും പരിവർത്തനത്തിന്റെയും അടുത്ത ഘട്ടത്തിൽ രാജന്റെ നേതൃത്വവും ദൂരദർശനവും വിലമതിക്കാനാകാത്തതാണെന്ന് കൊട്ടക് ബാങ്ക് എംഡിയും സിഇഒയുമായ അശോക് വസ്വാനി പറഞ്ഞു.

# സ്റ്റഡ്സ് ആക്സസറീസ് ലിമിറ്റഡ് ഐപിഒ ഒക്ടോബർ 30 മുതൽ

**കൊച്ചി:** സ്റ്റഡ്സ് ആക്സസറീസ് ലിമിറ്റഡിന്റെ പ്രാഥമിക ഓഹരി വിൽപന (ഐപിഒ) 2025 ഒക്ടോബർ 30 മുതൽ നവംബർ മൂന്ന് വരെ നടക്കും. പ്രമോട്ടർമാരുടെയും നിലവിലുള്ള നിക്ഷേപകരുടെയും 7,786,120 ഇക്വിറ്റി ഓഹരികളുടെ ഓഫർ ഫോർ സെയിലാണ് ഐപിഒയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. അഞ്ച് രൂപ മുഖവിലയുള്ള ഓഹരി ഒന്നിന് 557 മുതൽ 585 രൂപവരെയാണ് വില നിശ്ചയിച്ചിരിക്കുന്നത്. കുറഞ്ഞത് 25 ഇക്വിറ്റി ഓഹരികൾക്കും തുടർന്ന് 25ന്റെ ഗുണിതങ്ങൾക്കും അപേക്ഷിക്കാം. ഓഹരികൾ എൻഎസ്ഇയിലും ബിഎസ്ഇയിലും ലിസ്റ്റ് ചെയ്യും. ഐഐഎഫ്എൽ ക്യാപിറ്റൽ സർവീസസ് ലിമിറ്റഡ്, ഐസിഐസിഐ സെക്യൂരിറ്റീസ് ലിമിറ്റഡ് എന്നിവരാണ് ഐപിഒയുടെ ബുക്ക് റണ്ണിങ് ലീഡ് മാനേജർമാർ.

# ആക്സിസ് ഇൻകം പ്ലസ് ആർബിട്രേഡ് പാസീവ് ഫണ്ട് ഓഫ് ഫണ്ട്

**കൊച്ചി:** ആക്സിസ് മ്യൂചൽ ഫണ്ടിന്റെ ആക്സിസ് ഇൻകം പ്ലസ് ആർബിട്രേഡ് പാസീവ് ഫണ്ട് ഓഫ് ഫണ്ട് ന്യൂ ഫണ്ട് ഓഫർ ഒക്ടോബർ 28 മുതൽ നവംബർ 11 വരെ നടക്കും. കുറഞ്ഞ അപേക്ഷ തുക 100 രൂപയും അതിന് ശേഷം ഒരു രൂപയുടെ ഗുണിതങ്ങളുമാണ്. ഡെറ്റ് മ്യൂചൽ ഫണ്ടുകളിൽ 50 മുതൽ 65 ശതമാനം വരെയും ആർബിറ്റേജ് ഫണ്ടുകളിൽ 35 മുതൽ 50 ശതമാനം വരെയും നിക്ഷേപമാവും ഈ പദ്ധതിയിലൂടെ നടത്തുക. പാസിവ് ഡെറ്റ് മ്യൂചൽ പണ്ടുകളിലും ആർബിറ്റേജ് ഫണ്ടുകളിലും നിക്ഷേപിച്ച് നേട്ടം സൃഷ്ടിക്കുകയാണ് പദ്ധതിയിലൂടെ ഉദ്ദേശിക്കുന്നതെന്ന് കമ്പനി അധികൃതർ വ്യക്തമാക്കി. ദേവാംഗ് ഷാ, ആദിത്യ പഗാറിയ, ഹാർദിക് ശാസ്ത്ര, കാർത്തിക് കുമാർ എന്നിവരാണ് ഫണ്ട് മാനേജർമാർ.

ഹ്രസ്വ, മധ്യ കാലാവധിയിൽ നഷ്ടസാധ്യതകളെ മറികടന്നുള്ള വരുമാനം നേടുകയാണ് പദ്ധതിയിലൂടെ ഉദ്ദേശിക്കുന്നത്.



# ലോക ഒക്യുപേഷണൽ തെറാപ്പി ദിനം ആഘോഷിച്ച് പ്രയത്ന സെന്റർ

**കൊച്ചി:** പ്രയത്ന സെന്റർ ഫോർ ചൈൽഡ് ഡെവലപ്മെന്റ്, ലോക ഒക്യുപേഷണൽ തെറാപ്പി ദിനം ആഘോഷിച്ചു. ഓട്ടിസം സ്പെക്ട്രം ഡിസോർഡർ, അറ്റൻഷൻ ഡെഫിസിറ്റ്/ഹൈപ്പർആക്റ്റിവിറ്റി ഡിസോർഡർ , വളർച്ച സംബന്ധമായ വെല്ലുവിളികൾ എന്നിവയുള്ള കുട്ടികൾക്കായി ഒരു മാസത്തെ സൗജന്യ രോഗനിർണയത്തിനും ചികിത്സയ്ക്കും കൂടി തുടക്കം കുറിച്ചു. തൃക്കാക്കര എം.എൽ.എ. ഉമ തോമസ് ഉദ്ഘാടനം ചെയ്തു. ഭിന്നശേഷിയുള്ള കുട്ടികളെ ചേർത്തുപിടിക്കുന്നതിൽ, പ്രയത്ന നടത്തുന്ന ഇടപെടലുകൾ മാതൃകാപരമാണെന്ന് ഉമ തോമസ് എംഎൽഎ പറഞ്ഞു. ഇതിലൂടെ ഭിന്നശേഷിയുള്ള കുട്ടികളെ മാത്രമല്ല, അവരുടെ കുടുംബങ്ങളെ കൂടിയാണ് ജീവിതത്തിലേക്ക് തിരിച്ചു കൊണ്ടുവരുന്നത്. വലിയ അപകടങ്ങളിൽ പെടുന്നവരുടെ ജീവൻ രക്ഷിക്കുന്നതോടൊപ്പം, അവരെ സാധാരണ ജീവിതം നയിക്കാൻ പ്രാപ്തരാക്കേണ്ടതും അനിവാര്യമാണ്. അതിൽ ഒക്യുപേഷണൽ തെറാപ്പിക്ക് വലിയ പങ്കുവഹിക്കാനാകുമെന്നും, ഈ മേഖലയെ കുറിച്ച് കൂടുതൽ അവബോധം ജനങ്ങളിലേക്ക് എത്തേണ്ടതുണ്ടെന്നും ഉമ തോമസ് വ്യക്തമാക്കി. ആഘോഷങ്ങളുടെ ഭാഗമായി, ഓട്ടിസം, എഡിഎച്ച്ഡി കുട്ടികളുടെ ചികിത്സയിൽ, ഒക്യുപേഷണൽ തെറാപ്പിയുടെ പ്രാധാന്യത്തെക്കുറിച്ച് സെമിനാറും സംഘടിപ്പിച്ചു. ഒക്യുപേഷണൽ തെറാപ്പി മേഖലയിലെ സംഭാവനകൾക്ക്, പ്രയത്നയിലെ ഒക്യുപേഷണൽ തെറാപ്പിസ്റ്റുകളെ ചടങ്ങിൽ എം.എൽ.എ. മൊമന്റോകൾ നൽകി ആദരിച്ചു. കുട്ടികൾക്കുള്ള സൗജന്യ പരിശോധന, ഓൺലൈനായും ഓഫ്ലൈനായും ലഭ്യമാകുമെന്ന് പ്രയത്നയുടെ സ്ഥാപകനും ഓൾ ഇന്ത്യ ഒക്യുപേഷണൽ തെറാപ്പിസ്റ്റ്സ് അസോസിയേഷൻ ഓണററി സെക്രട്ടറിയുമായ ഡോ. ജോസഫ് സണ്ണി കുന്നശ്ശേരി പറഞ്ഞു.




# ഫോർട്ട് കൊച്ചി ശുചീകരണം: ട്രോളികൾ കൈമാറി മുത്തൂറ്റ് ഫിനാൻസ്

**കൊച്ചി:** മുത്തൂറ്റ് ഫിനാൻസ് ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിലിന് കീഴിൽ പ്രവർത്തിക്കുന്ന കൊച്ചിൻ ഹെറിറ്റേജ് സോൺ കൺസർവേഷൻ സൊസൈറ്റിക്ക് മാലിന്യ നീക്കത്തിനായുള്ള ട്രോളികൾ കൈമാറി. ഫോർട്ട് കൊച്ചി ബീച്ചിലെ ശുചിത്വം ഉറപ്പാക്കാനും പൈതൃക സംരക്ഷണ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്താനുമുള്ള പ്രവർത്തനങ്ങളുടെ ഭാഗമായാണിവ കൈമാറിയത്. എറണാകുളം അസിസ്റ്റന്റ് കളക്ടർ പാർവതി ഗോപകുമാർ, മുത്തൂറ്റ് ഫിനാൻസ് എറണാകുളം മേഖലാ മാനേജർ കെ.എസ് വിനോദ് കുമാർ എന്നിവർ ചേർന്ന് കൊച്ചിൻ ഹെറിറ്റേജ് സോൺ കൺസർവേഷൻ സൊസൈറ്റി നോഡൽ ഓഫീസർ ബോണി തോമസിന് ട്രോളികൾ കൈമാറി. ചടങ്ങിൽ മുത്തൂറ്റ് ഫിനാൻസ് റിലേഷൻഷിപ്പ് എക്സിക്യൂട്ടീവ് ഇൻ ചാർജ് (ഫോർട്ട് കൊച്ചി ബ്രാഞ്ച്) ലിന്റ സി ജോയ്, കോർപ്പറേറ്റ് കമ്മ്യൂണിക്കേഷൻസ് കണ്ടന്റ് മാനേജർ പി. പത്മകുമാർ എന്നിവരും സൊസൈറ്റിയുടെ ഉദ്യോഗസ്ഥരും പങ്കെടുത്തു. രണ്ട് മുച്ചക്ര ട്രോളികളും ഒരു നാല് വീലിന്റെ ട്രോളിയുമാണ് കൈമാറിയത്. ഇത് മാലിന്യ ശേഖരണ പ്രവൃത്തികൾ എളുപ്പമാക്കുന്നതിന് 20 വനിതകൾ ഉൾപ്പടെയുള്ള 24 അംഗ ശുചീകരണ സംഘത്തെ സഹായിക്കുകയും. ശുചിത്വവും സുരക്ഷയും സാമൂഹത്തെ ചേർത്തു പിടിക്കാനുമുള്ള മുത്തൂറ്റ് ഫിനാൻസിന്റെ വിപുലമായ സിഎസ്ആർ പ്രവർത്തനങ്ങളുടെ ഭാഗമായാണ് ഈ പദ്ധതി നടപ്പാക്കിയത്.

# വളർച്ച കൈവരിച്ച് എസ്ബിഐ ജനറൽ ഇൻഷുറൻസ്

**കൊച്ചി :** നടപ്പു സാമ്പത്തിക വർഷത്തിന്റെ ആദ്യ പകുതിയിൽ എസ്ബിഐ ജനറൽ ഇൻഷുറൻസ് 7376 കോടി രൂപയുടെ മൊത്തം പ്രീമിയവുമായി 10.7 ശതമാനം വളർച്ച കൈവരിച്ചു. മൊത്തത്തിൽ ഈ വ്യവസായ മേഖലയ്ക്ക് ലഭിച്ചതിനേക്കാൾ 1.4 മടങ്ങ് വേഗത്തിലാണ് വളർച്ചയെന്ന് എസ്ബിഐ ജനറൽ ഇൻഷുറൻസ് മാനേജിങ് ഡയറക്ടറും സിഇഒയുമായ നവീൻ ചന്ദ്ര ഝാ പറഞ്ഞു.

സ്വകാര്യ ഇൻഷുറൻസ് കമ്പനികളും ആരോഗ്യ ഇൻഷുറൻസും മാത്രം കൈകാര്യം ചെയ്യുന്ന ഇൻഷുറൻസ് കമ്പനികളുടെ പ്രകടനവുമായി താരതമ്യം ചെയ്താൽ മൂന്നു മടങ്ങാണിത്. ഇതേ മേഖലയിൽ 7.3 ശതമാനം മാത്രം വളർച്ച നേടിയ പശ്ചാത്തലത്തിലാണ് എസ്ബിഐ ജനറൽ ഇൻഷുറൻസ് ഈ മികച്ച പ്രകടനം കാഴ്ച്ചവെച്ചത്.

കഴിഞ്ഞ മാസങ്ങളിലായി വിതരണ ശൃംഖല കൂടുതൽ ശക്തമാക്കുകയും ആഴത്തിലുള്ള പങ്കാളിത്തങ്ങളിൽ ഏർപ്പെടുകയും ഡിജിറ്റൽ ശേഷി വർധിപ്പിക്കുകയും ചെയ്തതിനാൽ വൻ തോതിൽ വളർച്ച നേടാൻ ഇതു സഹായികമായെന്നും അദ്ദേഹം പറഞ്ഞു.

കമ്പനിയുടെ സ്വകാര്യ വിപണി വിഹിതം മുൻ സാമ്പത്തിക വർഷത്തിന്റെ ആദ്യ പകുതിയിലെ 6.45 ശതമാനത്തിൽ നിന്ന് 6.83 ശതമാനമായും വർധിപ്പിച്ചിട്ടുണ്ട്. ആരോഗ്യ ഇൻഷുറൻസിനു 41 ശതമാനവും, വ്യക്തിഗത അപകട ഇൻഷുറൻസ് 48 ശതമാനവും, വാഹന ഇൻഷുറൻസ് 17 ശതമാനം വരെ വളർച്ച ലഭിച്ചതുകൊണ്ടുമാണ് നടപ്പു സാമ്പത്തിക വർഷത്തിന്റെ ആദ്യ പകുതിയിൽ നേടിയ ഈ നേട്ടത്തിനു സഹായകമായി.

ഈ കാലയളവിൽ 422 കോടി രൂപയുടെ അറ്റാദായവും കമ്പനി കൈവരിച്ചിട്ടുണ്ട്. 2.13 മടങ്ങ് എന്ന ശക്തമായ സോൾവൻസി അനുപാതവും കമ്പനി നിലനിർത്തുന്നുണ്ട്.

